# 1

# പീലിയുടെ ഗ്രാമം

## ആമുഖം

പരിസരപഠനം എന്ന വിഷയത്തിനു കീഴിൽ ഇതുവരെ പരിചയിച്ച മേഖലയെ അടിസ്ഥാനശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നിങ്ങനെ രണ്ടു വിഷയങ്ങളായി പരിഗണിക്കാൻ തുടങ്ങുന്ന അഞ്ചാം തരത്തിൽ ഏറ്റവും ഉചിതമായ പ്രവേശക അനുഭവം നൽകുക എന്ന ഉദ്ദേശ്യത്തിലാണ് "പീലിയുടെ ഗ്രാമം" എന്ന ഒന്നാം അധ്യായം തയ്യാറാക്കപ്പെട്ടിരിക്കുന്നത്. സമൂഹശാസ്ത്രത്തിന്റെ വിഷയപരിധിയിലേക്ക് സാമൂഹിക മനശാസ്ത്രം, സാമൂഹിക നരവംശശാസ്ത്രം, കലാവിദ്യാഭ്യാസം, പ്രവൃത്തിപരിചയം, സംഗീതം, ചിത്രരചന, കായികവിദ്യാഭ്യാസം എന്നിവയിലുള്ള അഭിരുചികൾ കൂടി ഉൾച്ചേർത്തുകൊണ്ട് വിഷയാന്തര സമീപനത്തിലാണ് ഈ പാഠം രൂപകൽപന ചെയ്തിരിക്കുന്നത്. സന്തോഷം എന്ന മുഖ്യ ആശയമാണ് ഈ പാഠം ചർച്ച ചെയ്യുന്നത്. പ്രക്രിയാബന്ധിതമായ രീതിയിൽ ക്ലാസിലെ മുഴുവൻ കുട്ടികളും ഒരു യാത്രയിൽ പങ്കാളിയാവുന്ന രീതിയിൽ ഈ പാഠത്തിന്റെ ആഖ്യാനം നിർവഹിക്കപ്പെട്ടിരിക്കുന്നു. സന്തോഷം നിലനിർത്തുക, വ്യക്തിയും കുടുംബവും പരിസ്ഥിതിയും തമ്മിലുള്ള പരസ്പരബന്ധം തിരിച്ചറിയുക, പങ്കുവെയ്ക്കലിന്റെയും കരുതലിന്റെയും പ്രാധാന്യത്തെക്കുറിച്ച് അറിയുക, തുല്യതയെക്കുറിച്ച് പ്രാഥമികതലത്തിൽ ബോധ്യപ്പെടുക, ഗ്രാമസവിശേഷതകൾ മനസിലാക്കുക എന്നിവ ഈ പാഠത്തിലെ പ്രധാന ആശയങ്ങളാണ്. ഈ പാഠത്തിലൂടെ കടന്നു പോകുന്ന ഒരു കുട്ടി തന്റെയും തന്റെ സഹപാഠികളുടെയും സാമൂഹിക അന്തരീക്ഷത്തെക്കുറിച്ച് മനസ്സിലാക്കാൻ ശ്രമിക്കണം. ശിശുകേന്ദ്രിതവും ശിശുസൗഹാർദ്ദപരവുമായ ഒരു വിദ്യാഭ്യാസ അന്തരീക്ഷം കുട്ടിക്ക് അനുഭവിക്കാൻ ഈ പാഠത്തിലൂടെ കഴിയേണ്ടതുണ്ട്. സന്തോഷം എന്ന ആശയത്തിന് പിന്നിലെ സാമൂഹികഘടകങ്ങളെ അനുഭവാത്മകമായി തിരിച്ചറിയാൻ ഈ പാഠഭാഗത്തിന്റെ വിനിമയത്തിലൂടെ കുട്ടിക്ക് കഴിയേണ്ടതുണ്ട്. താൻ കൂടി ഉൾപ്പെടുന്നതാണ് സമൂഹം എന്നും തന്റെ അനുഭവങ്ങൾ കൂടി ചേരുന്നതാണ് സാമൂഹികാനുഭവങ്ങൾ എന്നും കുട്ടി തിരിച്ചറിയേണ്ടതുണ്ട്. പഠിതാക്കളാകുന്ന കുട്ടികളുടെ അനുഭവങ്ങളിൽ സന്തോഷമുള്ള ഇടങ്ങളും ഹിതകരമല്ലാത്ത സംഭവങ്ങളും വേർതിരിച്ചറിയാൻ സാധിക്കേണ്ടതുണ്ട്. സന്തോഷം തരുന്ന അനുഭവങ്ങൾ പുനസൃഷ്ടിക്കാനും ആവർത്തിക്കാനും കുട്ടിക്ക് കഴിയണം. വ്യക്തികേന്ദ്രിത സന്തോഷം എന്ന ആശയവും സമൂഹകേന്ദ്രിത സന്തോഷം എന്ന ആശയവും കുട്ടി വേർതിരിച്ച് അറിയേണ്ടതുണ്ട്. സമൂഹത്തിൽ ഇടപെടുമ്പോൾ ഭാവന, സൃഷ്ടിന്മുഖത എന്നിവ എത്രത്തോളം ആവശ്യമാണെന്നും കുട്ടി ഉൾക്കൊള്ളണം. സമൂഹത്തിൽ നിലനിൽക്കുന്ന അന്യവൽക്കരണത്തിന്റെ തോത് ലഘൂകരിക്കാനുള്ള മനോഭാവങ്ങൾ കുട്ടിയിൽ ഉണ്ടാവുക എന്നതും ഈ പാഠത്തിന്റെ ലക്ഷ്യമാണ്. അതിനായി ജൈവസമൂഹങ്ങൾ, ലളിതസമൂഹങ്ങൾ തുടങ്ങിയവയെ കുറിച്ചും അവിടങ്ങളിലെ

സാംസ്കാരികവൈവിധ്യത്തെ കുറിച്ചും കുട്ടികൾ ഉൾക്കൊള്ളണം. സഹവർത്തിത്വം, ഉൾചേർക്കൽ, സാമൂഹീകരണം, സാമൂഹ്യനീതി എന്നീ തീമുകളിൽ കൂടി കടന്നുപോകുന്ന കുട്ടി തുല്യത, സഹകരണം, മറ്റുള്ളവരുടെ സന്തോഷത്തിൽ പങ്കുചേരൽ എന്നീ മൂല്യങ്ങൾ ഉൾക്കൊള്ളുകയും പങ്കുവെയ്ക്കൽ, കരുതൽ, ആശയവിനിമയം എന്നീ ശേഷികൾ നേടുകയും വേണം. വ്യക്തിഗത പ്രൊഫൈൽ നിർമ്മാണം, ചോദ്യാവലി തയാറാക്കൽ, വിവരണശേഖരണം, വ്യത്യസ്ത ജീവിതപശ്ചാത്തലങ്ങളെക്കുറിച്ച് വിവരണം തയാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ പാഠത്തിന്റെ ഭാഗമായി വരുന്നു.

## ശേഷികൾ/നൈപുണികൾ

- പങ്കുവയ്ക്കൽ
- കരുതൽ
- ആശയവിനിമയം

## മൂല്യങ്ങൾ/മനോഭാവങ്ങൾ

- തുല്യത
- സഹകരണം
- മറ്റുള്ളവരുടെ സന്തോഷത്തിൽ പങ്കുചേരൽ

## പഠനലക്ഷ്യങ്ങൾ

- പഠിതാക്കൾ തന്റെയും സഹപാഠിയുടെയും സാമൂഹിക ചുറ്റുപാടുകൾ തിരിച്ചറിയുന്നതിന്.
- പഠിതാക്കൾ വിവിധ ജീവിതപശ്ചാത്തലം മനസിലാക്കുന്നതിലൂടെ ശിശുസൗഹൃദ സ്കൂൾ പഠനാനുഭവങ്ങൾ വികസിപ്പിക്കുന്നതിന്.
- സന്തോഷം തരുന്ന അനുഭവങ്ങൾ ഉൾക്കൊണ്ട് താൻ അതിൽ പങ്കാളിയാവുന്നു എന്ന് പഠിതാക്കൾ തിരിച്ചറിയുന്നതിന്.
- തങ്ങൾക്ക്  ഹിതകരമല്ലാത്ത അനുഭവങ്ങളെ വേർതിരിച്ചറിയുന്നതിന് .
- പഠിതാക്കളുടെ അനുഭവങ്ങളിലെ സന്തോഷ ഇടങ്ങളെ സ്വയം കണ്ടെത്തുന്നതിനും വിശകലനം ചെയ്യുന്നതിനും.
- സന്തോഷാനുഭവങ്ങളുടെ ആവർത്തനങ്ങൾക്കുള്ള അവസരങ്ങൾ നൽകുന്നതിന് .
- പഠിതാക്കൾക്ക് തന്റെ സമൂഹവുമായുള്ള ഇടപെടൽ സാധ്യമാകുന്നതെങ്ങനെയെന്ന് തിരിച്ചറിയുന്നതിന്.
- ഭാവനാപൂർണമായും സൃഷ്ടിപരമായും സമൂഹത്തിൽ ഇടപെടാനുള്ള ശേഷി ആർജിക്കുന്നതിന്.
- ലളിതസമൂഹങ്ങളുടെ സംസ്കാരത്തെ മനസിലാക്കുകയും അത്തരം സമൂഹങ്ങളിലെ ആനന്ദത്തിന്റെയും മൈത്രിയുടെയും ഘടകങ്ങളെ (പങ്കുവയ്ക്കലും, കരുതലും) മൂല്യങ്ങൾ എന്ന നിലയിൽ സ്വാംശീകരിക്കുന്നതിന്.
- ജൈവസമൂഹങ്ങളെ പരിചയപ്പെടുന്നതിലൂടെ പഠിതാവിലെ അന്യവൽക്കരണത്തിന്റെ തോത് ലഘൂകരിക്കുന്നതിന്.

# യൂണിറ്റ് ഫ്രെയിം

സമയം- 16 പിരീഡ്

| ആശയങ്ങൾ/ധാരണകൾ | പഠനപ്രവർത്തനങ്ങൾ | പഠനസാമഗ്രികൾ |
|---|---|---|
| വ്യത്യസ്ത ജീവിത പശ്ചാത്തലം | - പഠിതാക്കൾ അവരുടെയും സഹപാഠിയുടെയും ജീവിത പശ്ചാത്തലം മനസ്സിലാക്കാനുള്ള സംക്ഷിപ്ത വിവരണം തയ്യാറാക്കുന്നു<br>- ചിത്രം വരയ്ക്കൽ<br>- വ്യക്തിവിവരണം തയ്യാറാക്കൽ<br>- പതിപ്പ് തയ്യാറാക്കൽ<br>- ചിത്രം വരയ്ക്കൽ<br>- കുറിപ്പ് തയ്യാറാക്കൽ<br>- റോൾപ്ലേ | - വരയ്ക്കാൻ ആവശ്യമായ സാമഗ്രികൾ<br>- വരയ്ക്കാൻ ആവശ്യമായ സാമഗ്രികൾ |
| ഗ്രാമ സവിശേഷതകൾ | - യാത്രാഗാനം എഴുതിച്ചേർക്കൽ<br>- യാത്രഗാന ശേഖരണം<br>- പീലിയ്ക്കുള്ള മറുപടി തയ്യാറാക്കൽ<br>- ഭാവനാചിത്രം തയ്യാറാക്കൽ<br>- ചർച്ച- പീലിയുടെ ഗ്രാമത്തിലെ ജനജീവിതം<br>- അഭിമുഖം - ചോദ്യാവലി തയ്യാറാക്കൽ<br>- നാടൻ വിഭവങ്ങൾ പങ്കുവയ്ക്കൽ | - ഐ.സി.ടി., ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>- ഡിജിറ്റൽ ഉപകരണങ്ങൾ |
| വ്യക്തിയും കുടുംബവും പരിസ്ഥിതിയും മാർക്കറ്റും തമ്മിലുള്ള പരസ്പരബന്ധം | - ചർച്ച-വിക്കിയുടെയും അപ്പുവിന്റെയും ജീവിതസാഹചര്യങ്ങൾ<br>- 'എന്റെ സന്തോഷങ്ങൾ' - വീഡിയോ തയ്യാറാക്കൽ<br>- കുറിപ്പ് തയ്യാറാക്കൽ - ആഴ്ചചന്ത, സ്ഥിരംചന്ത, വൈകുന്നേര ചന്ത<br>- കരകൗശലവസ്തുക്കളുടെ നിർമ്മാണവും പ്രദർശനവും<br>- താരതമ്യം ചെയ്യൽ - കുട്ടികളുടെ വിനോദങ്ങളും പീലിയുടെ ഗ്രാമത്തിലെ വിനോദങ്ങളും | - വരയ്ക്കാൻ ആവശ്യമായ സാമഗ്രികൾ<br>- ഐ.സി.ടി., |
| സന്തോഷത്തെ നിലനിർത്തൽ, പങ്കുവയ്ക്കൽ, കരുതൽ, തുല്യത, ലളിതസമൂഹം,, ജൈവസമൂഹം | - ഗാനരചന<br>- ചിത്രരചന<br>- ചിത്രപ്രദർശനം<br>- യാത്രാനുഭവം തയ്യാറാക്കൽ | |

## യൂണിറ്റിലേക്ക്

പാഠഭാഗത്തിന്റെ തുടക്കത്തിൽ നാല് കൂട്ടുകാർ ചേർന്ന് സഹപാഠിയായ പീലിയുടെ ഗ്രാമത്തിലേയ്ക്കുള്ള യാത്രയ്ക്ക് തയ്യാറാവുകയാണ്.

യാത്രയ്ക്ക് മുൻപ് അവർ പരസ്പരം പരിചയപ്പെടുത്തുന്നു. അതേ മാതൃകയിൽ കൂട്ടത്തിലെ അഞ്ചാമത്തെ ആളായി ഓരോ കുട്ടിയും തന്റെ ചിത്രം വരച്ചു ചേർത്ത് വിവരങ്ങൾ ക്ലാസിൽ പങ്കുവയ്ക്കുന്നു. കുട്ടികൾക്ക് പരസ്പരം പരിചയപ്പെടുന്നതിനും അധ്യാപകർക്ക് 'സഹിതം' മെന്ററിങ് പോർട്ടലിലേയ്ക്ക് രേഖപ്പെടുത്തുന്നതിനും ഈ വിവരങ്ങൾ ഉപയോഗപ്പെടുത്താം.

തുടർന്ന് കുട്ടികൾ തങ്ങളുടെ വ്യക്തിഗത പ്രൊഫൈൽ തയ്യാറാക്കുന്നു.

പ്രൊഫൈലിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്താം?

ടീച്ചറും കുട്ടികളും കൂട്ടായി ചർച്ച ചെയ്ത് തീരുമാനിക്കുക. പ്രൊഫൈൽ തയ്യാറാക്കുമ്പോൾ താഴെ പറയുന്നവ ഉണ്ടെന്ന് ഉറപ്പാക്കണം.

പ്രാഥമിക വിവരങ്ങൾ (അച്ഛൻ, അമ്മ, മറ്റ് അംഗങ്ങൾ, മേൽവിലാസം, രക്ഷിതാക്കളുടെ തൊഴിൽ മുതലായവ)

- ഹോബി
- സ്വപ്നങ്ങൾ
- ആഗ്രഹങ്ങൾ
- ഒഴിവുസമയം ചെലവഴിക്കുന്ന രീതികൾ
- വീട്ടിലെ വളർത്തുമൃഗങ്ങൾ
- കൃഷി

കുട്ടികൾ തയാറാക്കുന്ന പ്രൊഫൈൽ ടീച്ചർ ശേഖരിച്ച് ഓരോ ക്ലാസിന്റെയും പ്രത്യേക പതിപ്പായി സൂക്ഷിക്കുക. ഓരോ കുട്ടിയെയും അടുത്തറിയുന്നതിനും അവർക്കു വേണ്ട പഠനപിന്തുണ നൽകുന്നതിനും പ്രൊഫൈൽ തയ്യാറാക്കുന്നതിലൂടെ ടീച്ചർക്ക് സാധിക്കും.

### യാത്രയ്ക്കൊരുങ്ങാം

പാഠപുസ്തകം പേജ് 9, 10-ൽ കൊടുത്തിരിക്കുന്ന യാത്രയ്ക്കായി തയ്യാറായി നിൽക്കുന്ന കുട്ടികളുടെ ചിന്തകൾ വ്യക്തിഗതമായി വായിക്കുന്നു. പേജ് 10-ൽ കുട്ടികൾ അവരുടെ ചിത്രം വരച്ചു ചേർത്ത് തങ്ങളുടെ ചിന്തകൾ എഴുതി ചേർക്കുന്നു. ക്ലാസിൽ അവതരിപ്പിക്കുന്നു.

വ്യത്യസ്ത ജീവിത സാഹചര്യങ്ങളിൽ നിന്ന് വന്ന കുട്ടികൾ  അടുപ്പമുള്ള സുഹൃത്തുക്കളാകാൻ ഇടയായ സാഹചര്യം സങ്കല്പിച്ച് ക്ലാസിൽ റോൾപ്ലേ അവതരിപ്പിക്കുന്നു.

റോൾപ്ലേ അവതരണത്തിന് എന്തൊക്കെ മുന്നൊരുക്കങ്ങൾ നടത്താം? ചർച്ച ചെയ്യുന്നു.

റോൾപ്ലേ അവതരണത്തിനുശേഷം വിദ്യാലയം എന്ന മാധ്യമം/ഉപാധി കുട്ടികളിൽ സാമൂഹീകരണത്തിൽ എത്രത്തോളം സ്വാധീനിക്കുന്നു എന്നും വിദ്യാലയത്തിലൂടെ സാമൂഹീകരണം എങ്ങനെയെല്ലാം സാധ്യമാകുന്നു എന്നും ചർച്ച ചെയ്യുന്നു.

- വ്യത്യസ്ത സാഹചര്യങ്ങളിലുള്ള കുട്ടികളുമായുള്ള ഇടപഴകൽ
- പങ്കുവയ്ക്കലിന്റെയും കരുതലിന്റെയും പ്രാധാന്യം
- തുല്യത ഉറപ്പുവരുത്തൽ
- ഉൾച്ചേർന്ന വിദ്യാഭ്യാസം
- വ്യക്തികൾ തമ്മിലുള്ള പരസ്പരബന്ധം.

ഇതിലൂടെ കുട്ടികളിൽ സാമൂഹീകരണം സാധ്യമാകുന്നു എന്ന് ടീച്ചർ ഉറപ്പുവരുത്തണം. യാത്രകൾക്ക് മുൻപ് നിങ്ങൾ എന്തൊക്കെ തയ്യാറെടുപ്പുകളാണ് നടത്താറുള്ളത്?

കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കട്ടെ.

യാത്രയ്ക്ക് മുൻപ് ആ യാത്രയെക്കുറിച്ചുള്ള നിങ്ങളുടെ ചിന്തകൾ എന്തൊക്കെയായിരിക്കും?

കുട്ടികളുടെ ചിന്തകൾ ക്ലാസിൽ പങ്കുവയ്ക്കുന്നു. നോട്ട്ബുക്കിൽ ലിസ്റ്റ് ചെയ്യുന്നു.

യാത്രയ്ക്കൊരുങ്ങുന്ന പീലിയുടെ കൂട്ടുകാരുടെ ബാഗിലെ വസ്തുക്കളും അവരുടെ ചിന്തകളും പരിചയപ്പെടാം. പാഠപുസ്തകം പേജ് 11, 12-ലെ കുട്ടികളുടെ ചിന്തകളും അവരുടെ ബാഗിലെ വസ്തുക്കളും നിരീക്ഷിച്ച് യാത്രയ്ക്കായി കരുതേണ്ട സാധനങ്ങളുടെ ചിത്രങ്ങൾ വരച്ച് അവരുടെ ചിന്തകളും വ്യക്തിഗതമായി രേഖപ്പെടുത്തുന്നു.

**പീലിയുടെ ഗ്രാമത്തിലേയ്ക്ക്**

കുട്ടികൾക്ക് പരിചിതമായ യാത്രാഗാനങ്ങൾ അവരെകൊണ്ട് അവതരിപ്പിക്കുക. അധ്യാപകർക്കൊപ്പം സംഘമായും ആലപിക്കാം. കൂടുതൽ ഗാനങ്ങൾ ആഡിയോ/ വീഡിയോയിലൂടെ പരിചയപ്പെടുത്തുക. യാത്രാഗാനങ്ങൾ ശേഖരിച്ച് ക്ലാസിൽ സംഘമായി അവതരിപ്പിക്കട്ടെ.

**പീലിയുടെ ഗ്രാമം**

പീലിയുടെ ഗ്രാമത്തിലേയ്ക്ക് എത്തുന്ന കൂട്ടുകാർ, 'എന്താ ഇത്ര വൈകിയത്?' എന്ന ചോദ്യത്തിനുള്ള മറുപടി എഴുതുന്നു. കുട്ടികൾ സ്വതന്ത്രമായി ചിന്തിച്ച് വ്യക്തിഗതമായി മറുപടി തയ്യാറാക്കട്ടെ. ഓരോ കുട്ടിയുടെയും മറുപടി ഉചിതമായതാണ് എന്ന് ടീച്ചർ ഉറപ്പുവരുത്തണം. പീലിയുടെ ഗ്രാമക്കാഴ്ചകളിലേക്ക് കടക്കുന്നതിനായി താഴെ പറയുന്ന ചോദ്യങ്ങൾ ഉന്നയിക്കാം.

- എങ്ങനെയായിരിക്കും പീലിയുടെ ഗ്രാമം?
- പീലിയുടെ ഗ്രാമത്തെക്കുറിച്ച് നിങ്ങളുടെ പ്രതീക്ഷകൾ എന്തെല്ലാം?

ഓരോരുത്തരുടെയും പ്രതീക്ഷകൾ സ്വതന്ത്രമായി തയ്യാറാക്കട്ടെ. കുട്ടികളുടെ പ്രതീക്ഷകൾക്കനുസരിച്ച് ഗ്രാമത്തിന്റെ ഭാവനാ ചിത്രം തയ്യാറാക്കുന്നതിനായി ടീച്ചർ വേണ്ട നിർദേശങ്ങൾ നൽകുക.

പാഠപുസ്തകം പേജ് നമ്പർ 15,16,17-ലെ സംഭാഷണങ്ങൾ വ്യക്തിഗതമായി വായിക്കട്ടെ. സംഭാഷണങ്ങളിൽ നിന്നും മനസ്സിലാക്കിയ കാര്യങ്ങൾ ക്ലാസിൽ പങ്കുവയ്ക്കുന്നു. കുട്ടികൾ പങ്കുവയ്ക്കുന്ന വിവരങ്ങളെ അടിസ്ഥാനമാക്കി ക്ലാസിൽ ചർച്ച സംഘടിപ്പിക്കുമല്ലോ.

- പീലിയുടെ അച്ഛന് കൃഷിപ്പണിയാണ്
- അവരുടെ വീട്ടിലേയ്ക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ അവർ തന്നെ കൃഷി ചെയ്യുന്നു.
- നെല്ല്, കപ്പ (മരച്ചീനി) തുടങ്ങിയവ കൃഷി ചെയ്യുന്നു.
- പുഴമീൻ ഉപയോഗിക്കുന്നു
- വീട്ടു ജോലികൾ അച്ഛനും അമ്മയും പങ്കിട്ടുചെയ്യുന്നു.

മുകളിൽ പറഞ്ഞ ധാരണകളോടെ ചർച്ച പൂർത്തിയാക്കാം.

ഗ്രാമത്തിന്റെ കൂടുതൽ വിശേഷങ്ങൾ അറിയണ്ടേ? എന്ന ചോദ്യം ടീച്ചർ ഉന്നയിക്കുന്നു. കൂടുതൽ കാര്യങ്ങൾ അറിയുന്നതിനായി പീലിയുടെ അച്ഛനുമായി അഭിമുഖം നടത്തുന്നതിനുള്ള ചോദ്യാവലി ക്ലാസിൽ ചർച്ച ചെയ്ത് തയ്യാറാക്കാം.

താഴെപ്പറയുന്ന ആശയങ്ങൾ ഉറപ്പിക്കുന്ന ചോദ്യങ്ങൾ ഉണ്ടാകണം.

- കൃഷി
- പ്രധാന വിളകൾ
- മറ്റ് തൊഴിലുകൾ
- സ്വയംപര്യാപ്തത
- വിത്തുകൾ
- ജൈവ വളങ്ങൾ

### 'നാടൻ വിഭവങ്ങൾ - പങ്കുവയ്ക്കൽ

കുട്ടികൾ തങ്ങളുടെ പരിസരത്ത് നിന്നും ലഭിക്കുന്ന കാർഷികവിഭവങ്ങൾ ഉപയോഗിച്ച് മുതിർന്നവരുടെ സഹായത്തോടെ ഭക്ഷണം തയ്യാറാക്കി ക്ലാസിൽ പങ്കുവയ്ക്കട്ടെ. അടുക്കളത്തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും കാർഷികാഭിരുചി വളർത്തുന്നതിനും പങ്കുവയ്ക്കലിന്റെ സന്തോഷം അറിയുന്നതിനും ഇതിലൂടെ കഴിയട്ടെ.

പാഠപുസ്തകം പേജ് നമ്പർ 18-ലെ വിക്കിയുടെയും അപ്പുവിന്റെയും അഭിപ്രായങ്ങൾ വായിക്കട്ടെ. ഒരേ നഗരത്തെപ്പറ്റി രണ്ടുപേരും വ്യത്യസ്ത അഭിപ്രായങ്ങൾ പറയാനിടയായ സാഹചര്യം ക്ലാസിൽ ചർച്ച ചെയ്ത് കണ്ടെത്തുന്നു.

- നഗരത്തിലെ വ്യത്യസ്ത പ്രദേശങ്ങളിലാണ് അവർ താമസിക്കുന്നത് - നഗരത്തിലും ചേരിയിലും
- സൗകര്യങ്ങൾ വ്യത്യസ്തമാണ്.
- രണ്ടുപേരുടെയും ജീവിത സാഹചര്യങ്ങൾ വ്യത്യസ്തമാണ്.
- 

ഈ ധാരണകളോടെ ചർച്ച പൂർത്തിയാക്കാം.

### ചേരി

വളരെ ജനസാന്ദ്രതയുള്ള നഗരപാർപ്പിട മേഖലയാണ് ചേരി. ചേരികളിലെ അടിസ്ഥാന സൗകര്യങ്ങൾ പലപ്പോഴും കുറവായിരിക്കും. ശുചിത്വ സേവനങ്ങൾ, ശുദ്ധജലവിതരണം, മറ്റ് അടിസ്ഥാന സേവനങ്ങൾ എന്നിവയുടെ അപര്യാപ്തത ചേരികളിൽ പ്രകടമാണ്. സാമൂഹികവും സാമ്പത്തികവുമായ പിന്നാക്ക അവസ്ഥയും സുരക്ഷിതമല്ലാത്ത പാർപ്പിടങ്ങളും ചേരികളുടെ സവിശേഷതകളാണ്.

ഗ്രാമത്തിലെ ഉല്ലാസക്കാഴ്ചകളിലേയ്ക്ക് കടക്കുംമുമ്പ് കുട്ടികളുടെ ജീവിതത്തിലെ സന്തോഷ നിമിഷങ്ങൾ പങ്കുവയ്ക്കുന്നു. അവ ഉൾപ്പെടുത്തി 'എന്റെ സന്തോഷങ്ങൾ' എന്ന സെൽഫി വീഡിയോ തയ്യാറാക്കുക. അതിനായി സ്കൂളിലെ ഡിജിറ്റൽ ഉപകരണങ്ങളുടെ സഹായം കുട്ടികൾക്ക് ടീച്ചർ ഉറപ്പുവരുത്തുക.

## ഗ്രാമഭംഗി

ഗ്രാമത്തിന്റെ കൂടുതൽ സവിശേഷതകൾ മനസ്സിലാക്കുകയാണ് ഈ ഭാഗത്തിലൂടെ.

പാഠപുസ്തകം പേജ് നമ്പർ 20-ലെ ആഴ്ചച്ചന്തയുടെ ചിത്രം നിരീക്ഷിച്ച് ചിത്രത്തിൽ കാണുന്ന കാര്യങ്ങൾ പങ്കുവയ്ക്കാൻ അവസരം ഒരുക്കുന്നു.

ആ ഗ്രാമത്തിലെ ഗ്രാമവാസികളുടെ പ്രധാന തൊഴിലുകൾ എന്തെല്ലാം?

എന്തൊക്കെ ഭക്ഷ്യവസ്തുക്കൾ അവിടെ ഉല്പാദിപ്പിക്കുന്നു? എന്നീ ചോദ്യങ്ങൾ ടീച്ചർ ഉന്നയിക്കുന്നു.

ചിത്രം നിരീക്ഷിച്ച് കൂടുതൽ കാര്യങ്ങൾ കണ്ടെത്തട്ടെ.

കുട്ടികൾക്ക് അവർ സന്ദർശിച്ചിട്ടുള്ള ചന്തകൾ, അവിടെ ലഭിക്കുന്ന ഉല്പന്നങ്ങൾ പീലിയുടെ ഗ്രാമത്തിലെ ചന്തയിൽ ലഭിക്കുന്നവയുമായി താരതമ്യം ചെയ്യുന്നതിനുള്ള അവസരം ഒരുക്കുക.

താഴെപ്പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേരുന്നുവെന്ന് ടീച്ചർ ഉറപ്പുവരുത്തണം.

- ഗ്രാമവാസികൾ ഉല്പാദിപ്പിക്കുന്ന വസ്തുക്കളാണ് പീലിയുടെ ഗ്രാമത്തിലെ ചന്തയിൽ കാണുന്നത്. നമ്മുടെ നാട്ടിലെ ചന്തയിൽ കാണുന്ന വസ്തുക്കൾ കൂടുതലും അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്നവയാണ്.
- പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പീലിയുടെ ഗ്രാമത്തിലെ ചന്തയിൽ കാണുന്നില്ല.
- 

തുടർന്ന് ആഴ്ചച്ചന്തകൾ, സ്ഥിരം ചന്തകൾ, വൈകുന്നേരചന്തകൾ എന്നിവ എന്താണെന്ന് ചർച്ച ചെയ്യുന്നു.

മുതിർന്നവരോടൊപ്പം ചന്തകൾ സന്ദർശിച്ച് അവിടത്തെ ഇടപാടുകൾ, സാമൂഹികപാരസ്പര്യം എന്നിവ നിരീക്ഷിച്ച് കുറിപ്പാക്കി ക്ലാസിൽ അവതരിപ്പിക്കുന്നു.

## വിപണി

ചരക്കുകൾ, സാധനങ്ങൾ, കന്നുകാലികൾ എന്നിവ വാങ്ങുന്നതിനും വിൽക്കുന്നതിനുമായി ആളുകൾ പതിവായി ഒത്തുചേരുന്ന ഇടമാണ് വിപണി. സവിശേഷ സാംസ്കാരികതയിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള സാമൂഹിക സ്ഥാപനങ്ങളായാണ് വിപണിയെ സമൂഹശാസ്ത്രജ്ഞർ കാണുന്നത്. ഉദാഹരണമായി വിപണിയെ നിയന്ത്രിക്കുന്നത് മറ്റ് സ്ഥാപനങ്ങളുമായും സാമൂഹിക ഘടനകളുമായും പ്രക്രിയകളുമായും ബന്ധപ്പെട്ടിരിക്കുന്ന പ്രത്യേക സാമൂഹിക ഗണങ്ങളാണ്. സമൂഹ ശാസ്ത്രജ്ഞർ ഈ ആശയത്തെ ആവിഷ്കരിക്കുന്നത് സമ്പദ്ഘടന സാമൂഹികമായി ഉറപ്പിക്കപ്പെട്ടതാണെന്ന് പറഞ്ഞുകൊണ്ടാണ്.

## ആഴ്ചച്ചന്തകൾ

തങ്ങളുടെ കാർഷിക ഉല്പന്നങ്ങൾ വിൽക്കാനും സ്വന്തം ഗ്രാമങ്ങളിൽ ലഭിക്കാത്ത ഉല്പന്നങ്ങൾ വാങ്ങാനുമെത്തുന്ന അടുത്തടുത്ത ഗ്രാമങ്ങളിലെ ആളുകളെ ആഴ്ചച്ചന്തകൾ ഒന്നിച്ച് ചേർക്കുന്നു. ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസങ്ങളിലാണ് ഈ ചന്തകൾ ഉണ്ടാകുന്നത്.

## വാരാന്തവിപണികൾ

വിപുലമായ കുടിയേറ്റം നടന്നിട്ടുള്ള ഗതാഗത-വാർത്താവിനിമയ സംവിധാനങ്ങളുടെ അഭാവമുള്ള സമ്പദ്വ്യവസ്ഥ വികസിച്ചിട്ടില്ലാത്ത വന-മലമ്പ്രദേശങ്ങളിൽ (പ്രത്യേകിച്ച് ഗോത്ര ജനതകൾ താമസിക്കുന്ന) വാരാന്തവിപണികൾ സാധനങ്ങളുടെ ക്രയവിക്രയത്തിന്റെയും സാമൂഹിക വ്യവഹാരങ്ങളുടെയും മുഖ്യസ്ഥാപനങ്ങളാണ്. തദ്ദേശവാസികൾ തങ്ങളുടെ കാർഷിക വനവിഭവങ്ങളുടെ വിൽപ്പനയ്ക്കായി വ്യാപാരികളെ സമീപിക്കുകയും അവിടെ നിന്ന് അവർ അവശ്യ വസ്തുക്കൾ വാങ്ങുകയും ചെയ്യുന്നു.

## അന്തിച്ചന്തകൾ

എല്ലാ ദിവസങ്ങളിലും വൈകുന്നേരങ്ങളിൽ തെരുവുകളിലാണ് അന്തിച്ചന്തകൾ ഉണ്ടാകുന്നത്.

അച്ഛൻ പീലിയുടെ കൂട്ടുകാർക്ക് എന്തെല്ലാം സമ്മാനങ്ങളാണ് നൽകിയത്?

ഇതുപോലെ ഓല, കടലാസ് എന്നിവ കൊണ്ട് കുട്ടികൾക്ക് അറിയാവുന്ന വസ്തുക്കളും മുതിർന്നവരുടെയും പ്രവൃത്തി പരിചയ അധ്യാപകരുടെയും സഹായത്താൽ കൂടുതൽ വസ്തുക്കളും നിർമ്മിച്ച് ക്ലാസിൽ പ്രദർശനം സംഘടിപ്പിക്കുമല്ലോ.

പീലിയുടെ ഗ്രാമത്തിലെ വിനോദക്കാഴ്ചകളിലേയ്ക്ക് കുട്ടികളെ കൂട്ടികൊണ്ട് പോകാം. അതിനായി താഴെപ്പറയുന്ന ചോദ്യങ്ങൾ ചോദിക്കാം.

- നിങ്ങളുടെ ഒഴിവു സമയങ്ങൾ എങ്ങനെയാണ് ചെലവഴിക്കാറ്?
- എന്തുകൊണ്ടാണ് ഇത്തരം വിനോദങ്ങൾ നിങ്ങൾ തെരഞ്ഞെടുക്കുന്നത്?

- പീലിയുടെ ഗ്രാമത്തിലെ കുട്ടികളും ഇത്തരം വിനോദങ്ങളിലാണോ ഏർപ്പെടാറുള്ളത്?

പീലിയുടെ ഗ്രാമത്തിലെ കുട്ടികളുടെ വിനോദങ്ങൾ നമുക്ക് കാണാം.

പാഠപുസ്തകം പേജ് നമ്പർ 21, 22 ലെ ചിത്രങ്ങളും സംഭാഷണങ്ങളും നിരീക്ഷിച്ച് പീലിയുടെ ഗ്രാമത്തിലെ വിനോദങ്ങളെ കുറിച്ചുള്ള കുട്ടികളുടെ അഭിപ്രായങ്ങൾ നോട്ടുബുക്കിൽ രേഖപ്പെടുത്തുന്നു.

കുട്ടികളുടെ വിനോദങ്ങളും പീലിയുടെ ഗ്രാമത്തിലെ വിനോദങ്ങളും താരതമ്യം ചെയ്യുന്നു.

- മാനസികോല്ലാസത്തോടൊപ്പം കായികാരോഗ്യവും ലഭിക്കുന്നു.
- സംഘബോധം ഉണ്ടാകുന്നു.
- കാളപൂട്ട് മത്സരങ്ങൾ അവരുടെ തൊഴിലുമായി (കൃഷി) ബന്ധപ്പെട്ടിരിക്കുന്നു.
- കൃഷിക്കായി ഭൂമി ഒരുക്കുന്നതിന് ഇത്തരം വിനോദങ്ങളിലൂടെ കഴിയുന്നു.
- ആചാരങ്ങളും വിശ്വാസങ്ങളുമായി ബന്ധപ്പെട്ട ആഘോഷങ്ങളിലെല്ലാം ഒരുമയുടെ സന്ദേശം കാണാം.

മുകളിൽപ്പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തി താരതമ്യക്കുറിപ്പ് തയ്യാറാക്കാം.

തന്റെ നാട്ടിലെ വിവിധതരം ആഘോഷങ്ങൾ, ഉത്സവങ്ങൾ, കായിക മത്സരങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നു. ഇത്തരം ആഘോഷങ്ങളിൽ പങ്കെടുത്ത അനുഭവങ്ങൾ ക്ലാസിൽ പങ്കുവയ്ക്കുന്നു. ഇവയെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ മുതിർന്നവരോട് അന്വേഷിച്ച് കുറിപ്പ് തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കട്ടെ.

ഗ്രാമക്കാഴ്ചകൾ കണ്ട് മടങ്ങുന്ന കുട്ടികൾ പീലിയുടെ ഗ്രാമം, അവർക്ക് പരിചിതമായ ഗ്രാമം, അവരുടെ സങ്കല്പത്തിലെ ഗ്രാമം ഇവയെല്ലാം ഉൾപ്പെടുത്തി 'എന്റെ ഗ്രാമം' എന്ന പേരിൽ ഒരു പാട്ട് തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുന്നതിന് അവസരമൊരുക്കാം.

പീലിയുടെ ഗ്രാമത്തിൽ കണ്ട കാഴ്ചകളും ഗ്രാമത്തിന്റേതായ സവിശേഷതകളുമെല്ലാം പാട്ടിൽ ഉൾപ്പെടുത്താൻ വേണ്ട നിർദേശങ്ങൾ അധ്യാപകർ നൽകുമല്ലോ?

### ചിത്രപ്രദർശനം - 'എന്റെ രാത്രിയും ആകാശവും'

കുട്ടികളുടെ വീടിന്റെ പരിസരത്തെ രാത്രിയിലെ ആകാശകാഴ്ചകൾ വരയ്ക്കുന്നു. മുഴുവൻ കുട്ടികളും വരച്ച ചിത്രങ്ങൾ ഉൾപ്പെടുത്തി ക്ലാസിൽ ഒരു ചിത്ര പ്രദർശനം സംഘടിപ്പിക്കാം.

### വ്യക്തിഗത അഭിപ്രായം

പീലിയുടെ ഗ്രാമത്തെക്കുറിച്ച് കുട്ടികൾ വ്യക്തിഗതമായി അഭിപ്രായം രേഖപ്പെടുത്തണം. പാഠപുസ്തകം പേജ് നമ്പർ 23, 24ൽ നൽകിയിരിക്കുന്ന കൂട്ടുകാരുടെ അഭിപ്രായങ്ങൾ വായിച്ചശേഷം കുട്ടികൾ തങ്ങളുടെ അഭിപ്രായങ്ങൾ പാഠപുസ്തകത്തിൽ എഴുതി ചേർക്കുന്നു.

### യാത്രാനുഭവം പങ്കുവയ്ക്കൽ

പീലിയുടെ ഗ്രാമത്തിലേയ്ക്ക് പുറപ്പെടും മുമ്പ് നിങ്ങൾക്കുണ്ടായിരുന്ന ധാരണകൾ എന്തെല്ലാം? കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കട്ടെ.

നിങ്ങളുടെ ധാരണകൾ എല്ലാം ശരിയായിരുന്നോ?

നിങ്ങൾ ഇപ്പോൾ പല മുൻധാരണകളും ഉപേക്ഷിച്ചില്ലേ?

നിങ്ങളുടെ അനുഭവമാണോ പീലിയുടെ മറ്റ് കൂട്ടുകാർക്കും ഉണ്ടായത്. പീലിയുടെ കൂട്ടുകാരുടെ അനുഭവങ്ങൾ നമുക്ക് പരിശോധിക്കാം. പാഠപുസ്തകം പേജ് നമ്പർ 25 വായിക്കുന്നു. ഈ യാത്രയ്ക്കിടയിൽ കുട്ടികൾക്കുണ്ടായ പുതിയ അനുഭവങ്ങളും അറിവുകളും കൂട്ടുകാരുമായി പങ്കുവയ്ക്കുന്നു.

## ടീച്ചറിന്റെ സ്വയംവിലയിരുത്തൽ

| നമ്പർ | സൂചകങ്ങൾ | അതെ | അല്ല |
|---|---|---|---|
| 1 | പഠിതാക്കൾക്ക് തന്റെയും സഹപാഠികളുടെയും സാമൂഹിക ചുറ്റുപാടുകൾ തിരിച്ചറിയുന്നതിനുള്ള അവസരമൊരുക്കി | | |
| 2 | വിവിധ ജീവിത പശ്ചാത്തലം മനസ്സിലാക്കിക്കൊണ്ട് ശിശു സൗഹൃദ സ്കൂൾ പഠനാനുഭവങ്ങൾ വികസിപ്പിക്കുന്നതിന് കഴിഞ്ഞു. | | |
| 3 | സന്തോഷം തരുന്ന അനുഭവങ്ങൾ ഉൾക്കൊണ്ട് അതിൽ പങ്കാളിയാകുന്നതിനുള്ള മനോഭാവം രൂപപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട് | | |
| 4 | സമൂഹവുമായി ഇടപെടാനുള്ള സാധ്യതകൾ കുട്ടികൾ തിരിച്ചറിഞ്ഞിട്ടുണ്ട് | | |
| 5 | സാമൂഹ്യജീവിതത്തിൽ പങ്കുവയ്ക്കലിന്റെയും കരുതലിന്റെയും പ്രാധാന്യം കുട്ടികൾ സ്വാംശീകരിച്ചിട്ടുണ്ട്. | | |

**റഫറൻസ്**


*Sociology* - *John J. Macionis*

*(Adapted by Reema Bhatia)*

*17th Edition*

*Sociology* - *Anthony Giddens and Philip W. Sutton*

*8th, 9th Edition*

# 2

# ഭക്ഷണവും മനുഷ്യരും

## ആമുഖം

കഴിഞ്ഞുപോയ കാലത്തെക്കുറിച്ചുള്ള പഠനവും ഭൂതകാല വസ്തുതകളുടെ രേഖപ്പെടുത്തലുകളുമാണ് ചരിത്രം. ചരിത്ര പഠനത്തിലൂടെ ഒരു തലമുറയിൽ നിന്നും മറ്റൊരു തലമുറയിലേക്ക് വിവരങ്ങൾ കൈമാറ്റം ചെയ്യപ്പെടുന്നു. ശാസ്ത്ര- സാങ്കേതിക വിദ്യ അനുദിനം വികസിച്ചു കൊണ്ടിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ ചരിത്രവും ഒരു ശാസ്ത്രമാണ് എന്ന തിരിച്ചറിവ് നാം കുട്ടികളിൽ വളർത്തിയെടുക്കേണ്ടതാണ്. വർത്തമാനകാലവും ഭൂതകാലവും തമ്മിലുള്ള ഒരു സംഭാഷണം ആണല്ലോ ചരിത്രം.

കഴിഞ്ഞ കാലത്തെക്കുറിച്ചുള്ള അറിവുകൾ ചരിത്ര പഠനത്തിലൂടെ ലഭിക്കുമ്പോൾ ഈ അറിവുകൾ വർത്തമാനകാലത്തെക്കുറിച്ചുള്ള നമ്മുടെ വിജ്ഞാനത്തെ വികസിപ്പിക്കാൻ സഹായിക്കുന്നു. ചരിത്ര രേഖകൾ പ്രധാന പഠന വസ്തുക്കളായി ഉപയോഗിക്കാൻ കുട്ടികളെ പ്രാപ്തരാക്കേണ്ടത് നമ്മുടെ കടമയാണ്. പ്രാദേശികമായ പഠനവിഭവങ്ങൾ ആധുനിക ചരിത്രപഠനത്തിന് ആവശ്യമാണ്. ഇങ്ങനെ ലഭ്യമാകുന്ന പഠനവസ്തുക്കളെ പ്രയോജനപ്പെടുത്തിക്കൊണ്ട് ചരിത്ര പഠനത്തിനായി കൂടുതൽ തെളിവുകൾ കണ്ടെത്താൻ കുട്ടികളെ നാം പ്രാപ്തരാക്കണം.

'ഭക്ഷണവും മനുഷ്യരും' എന്ന പാഠഭാഗം ഭക്ഷ്യവിഭവങ്ങൾ ശേഖരിച്ചിരുന്ന മനുഷ്യസമൂഹം പിൽക്കാലത്ത് പാചകത്തിലേക്ക് കടന്നതും ഭക്ഷണത്തെ വൈവിധ്യവൽക്കരിച്ചതും എങ്ങനെയെന്ന ചരിത്രം മനസ്സിലാക്കാൻ പര്യാപ്തമാണ്. പ്രാചീനകാലത്തെ ഭക്ഷണരീതികൾ, തീയുടെ കണ്ടുപിടുത്തം, നാഗരികകാലഘട്ടത്തിലെ ഭക്ഷണം, ഭക്ഷണവൈവിധ്യങ്ങൾ, ജീവിതരീതിയിൽ വന്ന മാറ്റങ്ങളും ഭക്ഷണരീതിയും, ഭക്ഷണത്തിൽ നിലനിന്നിരുന്ന വിവേചനങ്ങൾ, പരമ്പരാഗത ഭക്ഷ്യസംരക്ഷണരീതികൾ, പട്ടിണിയും ഭക്ഷണവും ആരോഗ്യവും തുടങ്ങിയവ ഈ പാഠത്തിലെ ആശയങ്ങളാണ്. ചരിത്രത്തോടൊപ്പം സമൂഹശാസ്ത്രം, സാമ്പത്തികശാസ്ത്രം, രാഷ്ട്രതന്ത്രശാസ്ത്രം, ഭൂമിശാസ്ത്രം, ആരോഗ്യ-കായിക വിദ്യാഭ്യാസം, പ്രവൃത്തിപരിചയം എന്നിവയും വിഷയാന്തരരീതിയിൽ പാഠത്തിൽ ചർച്ചയാവുന്നു. ആഹാരം, തുല്യത, ആരോഗ്യം, സഞ്ചാരം, സാമൂഹികനീതി, കൃഷി എന്നീ തീമുകൾ പരിചയപ്പെടുന്ന പഠിതാക്കൾ അധ്വാനത്തോട് ആഭിമുഖ്യമുള്ളവരാവുകയും ആഹാരം അമൂല്യമാണ് എന്ന മനോഭാവം നേടുന്നവരാവുകയും വേണം. ഈ പാഠത്തിലൂടെ കുട്ടികൾ നമ്മുടെ നാട്ടിൽ നിലനിന്നതും പൂർവികർ ശീലിച്ചതുമായ ഭക്ഷണരീതികളെ കുറിച്ച് വിവരശേഖരണം നടത്താനും വിവിധ കാലഘട്ടത്തെ ഭക്ഷണശീലങ്ങൾ താരതമ്യം ചെയ്യാനും തീയുടെ കണ്ടുപിടുത്തവും കൃഷിയും എങ്ങനെയാണു മനുഷ്യരുടെ ഭക്ഷണശീലത്തെ മാറ്റിയത് എന്ന നിഗമനത്തിലെത്താനും കൃഷിയിലും പാചകത്തിലും കഴിയുന്ന പോലെ ഇടപെടാനും നല്ല ഭക്ഷണശീലത്തെ

കുറിച്ചു ധാരണയുണ്ടാക്കാനും നിപുണത നേടേണ്ടതുണ്ട്. വിവരശേഖരണം, കുറിപ്പ് തയാറാക്കൽ, സംവാദം, കൃഷിത്തോട്ടനിർമ്മാണം, പാചകം, ഭക്ഷ്യമേള, അഭിമുഖം, ചോദ്യാവലി തയാറാക്കൽ, പ്ലക്കാർഡുകൾ നിർമ്മിക്കൽ, റോൾപ്ലേ, പോസ്റ്റർ നിർമ്മാണം തുടങ്ങിയവ പഠനപ്രവർത്തനത്തിന്റെ ഭാഗമാകുന്നു.

**ശേഷികൾ/നൈപുണികൾ**

- ഭക്ഷണരീതികളെക്കുറിച്ച് വിവിധ സ്രോതസ്സുകളിൽ നിന്നും വിവരശേഖരണം
- വിവിധ കാലഘട്ടങ്ങളിലെ ഭക്ഷണരീതി താരതമ്യം ചെയ്യൽ
- തീയുടെ കണ്ടെത്തലും കൃഷിയും ആഹാരരീതിയിൽ വരുത്തിയ നിർണായക മാറ്റങ്ങളെക്കുറിച്ച് നിഗമനങ്ങൾ രൂപീകരിക്കൽ
- കൃഷിയിലും പാചകത്തിലും ആഭിമുഖ്യം വളർത്തൽ
- നല്ല ഭക്ഷണശീലം വളർത്തിയെടുക്കൽ

**മൂല്യങ്ങൾ/മനോഭാവങ്ങൾ**

- അധ്വാനത്തോടുള്ള ആഭിമുഖ്യം
- ഭക്ഷണം അമൂല്യമാണെന്ന മനോഭാവം
- കാർഷിക സംസ്കാരം

**പഠനലക്ഷ്യം**

- മനുഷ്യരുടെ നിലനിൽപ്പിന് അത്യാവശ്യമായ ഘടകങ്ങളിലൊന്നാണ് ഭക്ഷണം എന്ന് തിരിച്ചറിയുന്നതിന്.
- ഭക്ഷ്യവിഭവങ്ങൾ ശേഖരിച്ചിരുന്ന ആദിമമനുഷ്യർ ഭക്ഷ്യോൽപാദനത്തിലേക്ക് എത്തിചേർന്ന സാഹചര്യങ്ങൾ വിശകലനം ചെയ്യുന്നതിന്.
- ഓരോ കാലഘട്ടത്തിലെയും ഭക്ഷണത്തിലെ വൈവിധ്യങ്ങൾ തമ്മിൽ താരതമ്യം ചെയ്യുന്നതിന്.
- തീയുടെ കണ്ടുപിടുത്തം, സ്ഥിരതാമസമാക്കൽ, മൺപാത്ര നിർമാണം എന്നിവ മനുഷ്യ ചരിത്രത്തിൽ ചെലുത്തിയ സ്വാധീനം തിരിച്ചറിയുന്നതിന്.
- ഭക്ഷണ കൈമാറ്റം നഗരങ്ങളുടെ രൂപീകരണത്തിലേക്ക് നയിച്ചത് എങ്ങനെയെന്ന് തിരിച്ചറിയുന്നതിന്
- ഭക്ഷണം അമൂല്യമാണെന്ന കാഴ്ചപ്പാട് രൂപീകരിക്കുന്നതിന്.
- കൃഷി, പാചകം എന്നിവയുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്.
- ഭക്ഷണവും ആരോഗ്യവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് മനസ്സിലാക്കുന്നതിന്.

# യൂണിറ്റ് ഫ്രെയിം

**സമയം- 15 പിരീഡ്**

| ആശയങ്ങൾ/ധാരണകൾ | പഠനപ്രവർത്തനങ്ങൾ | പഠനസാമഗ്രികൾ |
|---|---|---|
| ആദിമ മനുഷ്യരുടെ ഭക്ഷണസമ്പാദനം | - ഭക്ഷ്യശേഖരണം- ചിത്രവിശകലനം<br>- കുറിപ്പ് തയ്യാറാക്കൽ | ചിത്രങ്ങൾ<br>ഐ.സി.ടി. |
| തീയും ഭക്ഷണവും | - തീയുടെ കണ്ടുപിടിത്തം - ചർച്ച<br>- ചർച്ചാക്കുറിപ്പ് തയ്യാറാക്കൽ | ഐ.സി.ടി. |
| ഭക്ഷ്യോത്പാദനം | - കൃഷിയിലേക്ക് നയിച്ച സാഹചര്യങ്ങൾ, മൃഗങ്ങളെ ഇണക്കിവളർത്തൽ - ചർച്ച<br>- നദീതടങ്ങളിൽ സ്ഥിരവാസമുറപ്പിക്കാൻ കാരണമായ ഘടകങ്ങൾ -കുറിപ്പ് തയ്യാറാക്കൽ | |
| ഭക്ഷ്യവസ്തുക്കളുടെ സംഭരണം | - ഭക്ഷ്യവസ്തുക്കൾ സംഭരിക്കാനായി ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ പട്ടികപ്പെടുത്തൽ<br>- ചർച്ചാകുറിപ്പ് തയ്യാറാക്കൽ<br>- അന്വേഷണകുറിപ്പ് തയ്യാറാക്കൽ | ചിത്രങ്ങൾ<br>ഐ.സി.ടി.<br>വായന സാമഗ്രി |
| ഭക്ഷ്യവസ്തുക്കളുടെ കൈമാറ്റം | - ഭക്ഷ്യവസ്തുക്കളുടെ കൈമാറ്റം കച്ചവടത്തിലേക്ക് നയിച്ച സാഹചര്യം - ചർച്ച | |

| | | |
|---|---|---|
| | - ഫ്ളോചാർട്ട് പൂർത്തിയാക്കൽ<br>- കൊളാഷ് നിർമാണം | ചിത്രങ്ങൾ<br>പത്രകട്ടിങ്ങുകൾ |
| ഭക്ഷ്യവസ്തുക്കളുടെ കൈമാറ്റം | - വിദൂരദേശങ്ങൾ തമ്മിലുള്ള കൈമാറ്റങ്ങളുടെ ഫലമായി ഇന്ത്യയിൽ പ്രചാരത്തിൽ വന്ന സുഗന്ധവ്യഞ്ജനങ്ങൾ, ഭക്ഷ്യവിഭവങ്ങൾ - പട്ടിക തയ്യാറാക്കൽ<br>- ചർച്ച, ലഘുകുറിപ്പ് തയ്യാറാക്കൽ<br>- തിരിച്ചറിയൽ കാർഡ് നിർമ്മിക്കൽ | പുസ്തകങ്ങൾ<br>ഐ.സി.ടി.<br>ആവശ്യമായ സാമഗ്രികൾ |
| ഭക്ഷണവും അസമത്വവും | - പട്ടിക തയ്യാറാക്കൽ - ഭക്ഷ്യവിഭവങ്ങളും അവയുടെ ജന്മദേശവും<br>- കുറിപ്പ് തയാറാക്കൽ ഭക്ഷണത്തിലെ അസമത്വങ്ങൾ; | ഐ.സി.ടി.<br>റഫറൻസ് പുസ്തകങ്ങൾ<br>ഐ.സി.ടി. |
| പട്ടിണിയുടെ നേർകാഴ്ചകൾ | - വാർത്താവിശകലനം : കുറിപ്പ് തയാറാക്കൽ<br>- ഭക്ഷ്യദിന സന്ദേശങ്ങൾ ഉൾപ്പെടുന്ന പ്ലക്കാർഡ് നിർമാണം, കൊളാഷ് തയ്യാറാക്കൽ | ആവശ്യമായ സാമഗ്രികൾ |
| ഭക്ഷണവും ആരോഗ്യവും | - അനാരോഗ്യകരമായ ഭക്ഷണശീലവും ജീവിതശൈലീ രോഗങ്ങളും ചർച്ച : ചർച്ചാകുറിപ്പ് തയ്യാറാക്കൽ<br>- അഭിമുഖത്തിനാവശ്യമായ ചോദ്യാവലി തയ്യാറാക്കൽ<br>- അഭിമുഖം സംഘടിപ്പിക്കൽ | ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>ഐ.സി.ടി. |

## യൂണിറ്റിലേക്ക്

പാഠഭാഗത്തിൽ നൽകിയിരിക്കുന്ന ഡയറിക്കുറിപ്പ് വായിച്ച് ആസ്വദിക്കാൻ കുട്ടികൾക്ക് നിർദ്ദേശം നൽകണം. ഡയറിക്കുറിപ്പിൽ സൂചിപ്പിച്ചിരിക്കുന്ന വിഭവങ്ങൾ ഏതെല്ലാമെന്ന് കുട്ടികൾ വ്യക്തിഗതമായി ലിസ്റ്റ് ചെയ്യട്ടെ. ടീച്ചറിന് അനുയോജ്യമായ ചോദ്യങ്ങളോ കൂട്ടിച്ചേർക്കലുകളോ നടത്താവുന്നതാണ്.

കുട്ടികൾ കഴിച്ചിട്ടുള്ള ഭക്ഷ്യ വിഭവങ്ങളുടെ പട്ടിക തയ്യാറാക്കാൻ നിർദേശിക്കാം . അവരുടെ വീട്ടിലും പ്രാദേശികമായി ലഭ്യമാകുന്ന വിഭവങ്ങളും പട്ടികയിൽ ഉണ്ടെന്ന് ടീച്ചർ ഉറപ്പുവരുത്തുക. വെള്ളം, വായു, പാർപ്പിടം, വസ്ത്രം എന്നീ ഘടകങ്ങളെ പോലെ തന്നെ മനുഷ്യരുടെ നിലനിൽപ്പിന് അത്യാവശ്യമായ ഘടകങ്ങളിൽ ഒന്നാണ് ഭക്ഷണം എന്ന ആശയം കുട്ടികളിൽ എത്തിക്കാൻ ടീച്ചർ ശ്രദ്ധിക്കേണ്ടതാണ്.

ഭക്ഷണസമ്പാദനം

പാഠപുസ്തകം പേജ് 28ലെ ചിത്രങ്ങൾ കുട്ടികൾ നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നു.

- ചിത്രങ്ങളിൽ എന്താണ് കാണുന്നത്?
- പ്രാചീന മനുഷ്യരുടെ ഭക്ഷണസമ്പാദനത്തെക്കുറിച്ച് എന്തെല്ലാം വിവരങ്ങളാണ് നിങ്ങൾക്ക് ലഭിക്കുന്നത്?

പാഠപുസ്തകത്തിൽ നൽകിയിരിക്കുന്ന ഉത്തരങ്ങൾക്ക് പുറമേ മറ്റു ചില ആശയങ്ങൾ കൂടി ഉൾപ്പെടുത്താവുന്നതാണ്.

- കാട്ടിൽ ജീവിച്ചിരുന്നു
- മീൻപിടുത്തം
- മൃഗങ്ങളെ വേട്ടയാടൽ
- കല്ലുകളും കമ്പുകളും ഉപകരണങ്ങളായി ഉപയോഗിച്ചിരുന്നു.
- കൂട്ടംകൂട്ടമായാണ് അവർ വേട്ടയാടിയിരുന്നത്.
- 

ഭക്ഷണ സമ്പാദനത്തിനായി ആദിമമനുഷ്യർ ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ അഥവാ ആയുധങ്ങൾ കൂടി ഈ ഭാഗത്ത് കുട്ടികളെ പരിചയപ്പെടുത്തുവാൻ അധ്യാപകർ ശ്രദ്ധിക്കണം.

ആദിമമനുഷ്യർ ഭക്ഷണസമ്പാദനത്തിനായി ഉപയോഗിച്ചിരുന്ന ആയുധങ്ങളുടെ പ്രത്യേകതകൾ അഥവാ സവിശേഷതകൾ എന്തൊക്കെയായിരുന്നു?

ആദിമമനുഷ്യർ അന്ന് ഇത്തരം ആയുധങ്ങൾ എന്തൊക്കെ ആവശ്യങ്ങൾക്കായിരിക്കാം ഉപയോഗിച്ചിട്ടുണ്ടാവുക? എന്നീ ചോദ്യങ്ങളിലൂടെ പൊതുചർച്ച ക്ലാസിൽ സംഘടിപ്പിക്കാവുന്നതാണ്.

വേട്ടയാടലിലൂടെയും ശേഖരണത്തിലൂടെയും അവർക്ക് എന്തെല്ലാം ഭക്ഷ്യ വസ്തുക്കൾ ആയിരിക്കും ലഭിച്ചിട്ടുണ്ടാവുക? എന്ന ചോദ്യത്തിന് പാഠപുസ്തകത്തിൽ നൽകിയിരിക്കുന്ന ഉത്തരങ്ങൾക്ക് പുറമേ മറ്റു ചില ആശയങ്ങൾ കൂടി ഉൾപ്പെടുത്താവുന്നതാണ്.

- മത്സ്യങ്ങൾ
- ഭക്ഷ്യയോഗ്യമായ ഇലകൾ
- മൃഗങ്ങളുടെ മാംസം തുടങ്ങിയവ

**തീയും ഭക്ഷണവും**

തീയും മനുഷ്യരും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് കുട്ടികളിൽ കൂടുതൽ ധാരണ ഉറപ്പിക്കുന്നതിനായി പ്രാചീനമനുഷ്യർ എന്തൊക്കെ ആവശ്യങ്ങൾക്കായിരിക്കാം തീ ഉപയോഗിച്ചിരുന്നത്? എന്ന് ചർച്ച ചെയ്യാം.

**ക്രോഡീകരണം**

- മൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് രക്ഷനേടാൻ
- തണുപ്പ് അകറ്റാൻ
- ഗുഹകളിലെ ഇരുട്ടകറ്റാൻ

**തീയെ നിയന്ത്രിച്ച് ഉപയോഗിക്കാൻ തുടങ്ങിയത് മനുഷ്യരുടെ ഭക്ഷണരീതിയിലുള്ള സുപ്രധാനമാറ്റങ്ങളിൽ ഒന്നാണ് എന്ന ആശയം കുട്ടികളിൽ ഉറപ്പിക്കുന്നതിനായി ആശയപടം തയാറാക്കാം.**

**'പച്ചമാംസത്തിൽ നിന്ന് പാചകത്തിലേക്ക്'. ഫ്ലോചാർട്ട് തയ്യാറാക്കുക.**

പച്ചമാംസം

↓

കാട്ടുതീയിൽപെട്ട് ചത്തമൃഗങ്ങളുടെ വെന്തമാംസം

↓

തീ ഉണ്ടാക്കി നിയന്ത്രിച്ച് ഉപയോഗിക്കാൻ ശീലിച്ചു

↓

മത്സ്യം, മാംസം എന്നിവ ചുട്ടുതിന്നാൻ തുടങ്ങി

↓

വേരുകളും കിഴങ്ങുകളും ചുട്ടുതിന്നാൻ തുടങ്ങി

↓

ഭക്ഷണം പാകം ചെയ്യാൻ തുടങ്ങി

**പാഠപുസ്തകം പേജ് നമ്പർ 28, 29 ലെ തീയും ഭക്ഷണവും എന്ന ഭാഗം വായിച്ച് ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് ഫ്ലോചാർട്ട് പൂർത്തിയാക്കാം. (ഫ്ലോചാർട്ടിലെ കളങ്ങൾ പൂർത്തിയാക്കാൻ നൽകണം)**

**തീയും മനുഷ്യരും എന്ന ആശയധാരണ ഉറപ്പുവരുത്താൻ ചുവടെ നൽകിയിരിക്കുന്ന ഭാഗം കൂടി കുട്ടികൾക്ക് അധികവായനയ്ക്കായി നൽകാവുന്നതാണ്.**

1. **ഭക്ഷണാവശ്യത്തിനായി വീടുകളിൽ വളർത്തുന്ന ജീവികൾ ഏതെല്ലാം? എന്ന ചോദ്യത്തിലൂടെ ആദിമമനുഷ്യർ ഭക്ഷണാവശ്യത്തിനായി മൃഗങ്ങളെ ഇണക്കി വളർത്തിയിരുന്നു എന്ന ധാരണ നൽകാം.**
2. **കൃഷിയുടെ ആരംഭത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനായി പാഠപുസ്തകം പേജ് നമ്പർ 30 ലെ ബന്ധപ്പെട്ട ഭാഗം വ്യക്തിഗതമായി വായിച്ച് കണ്ടെത്തലുകൾ നോട്ട് ബുക്കിൽ കുറിക്കട്ടെ.**

- ആദിമമനുഷ്യർ അന്നന്നേയ്ക്ക് ആവശ്യമായ ഭക്ഷണം മാത്രമാണ് നേടിയിരുന്നത്. എന്തായിരിക്കാം കാരണം?

കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കട്ടെ.

- എന്തൊക്കെ സാഹചര്യങ്ങൾ ആയിരിക്കാം ആദിമമനുഷ്യരെ ഭക്ഷണ സമ്പാദനത്തിനായി പ്രേരിപ്പിച്ചിട്ടുണ്ടാവുക?

എന്ന ചോദ്യത്തിലൂടെ ഭക്ഷണ സമ്പാദനത്തിന്റെ ആവശ്യകത കുട്ടികളിൽ എത്തിക്കുന്ന തരത്തിൽ ചർച്ച ചെയ്യാം.

**ക്രോഡീകരണം**

- **ഭക്ഷണം സംഭരിച്ചുവയ്ക്കാനുള്ള സംവിധാനങ്ങളില്ലായിരുന്നത്**
- **ജനസംഖ്യ വർദ്ധനവ്**
- **പരിസ്ഥിതിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ**
- **കാലാവസ്ഥാ മാറ്റം**

**ഭക്ഷ്യോൽപാദനം**

ഭക്ഷണാവശ്യത്തിനായി വീടുകളിൽ വളർത്തുന്ന ജീവികൾ ഏതെല്ലാം എന്ന ചോദ്യത്തിലൂടെ ആദിമ മനുഷ്യർ ഭക്ഷണ ആവശ്യത്തിനായി മൃഗങ്ങളെ ഇണക്കി വളർത്തിയിരുന്നു എന്ന ധാരണ നൽകാം.

- ആദിമമനുഷ്യരെ കൃഷിയിലേയ്ക്ക് നയിച്ച സാഹചര്യം എന്ത്?
- കൃഷിയിടങ്ങൾക്ക് സമീപത്ത് സ്ഥിരവാസം ആരംഭിക്കാൻ ആദിമ മനുഷ്യരെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം?

എന്നീ ചോദ്യങ്ങൾ പാഠപുസ്തകം പേജ് 29, 30 ൽ വ്യക്തിഗതമായി വായിക്കുന്നു. കണ്ടെത്തലുകൾ നോട്ട് ബുക്കിൽ കുറിക്കട്ടെ.

- വലിച്ചെറിഞ്ഞ ഭക്ഷ്യവസ്തുക്കളിൽ നിന്ന് പുതിയ തൈകൾ മുളച്ചു വരുന്നത്

ശ്രദ്ധയിൽപ്പെട്ടതോടെ ആയിരിക്കാം ആദിമമനുഷ്യർ കൃഷിയെക്കുറിച്ച് ചിന്തിച്ചു തുടങ്ങിയത്.

- ഈർപ്പവും ചൂടുമുള്ള മണ്ണിൽ വിത്ത് മുളയ്ക്കുമെന്നും മനസ്സിലാക്കിയതോടെ കൃഷി ആരംഭിച്ചു.
- ഭക്ഷ്യയോഗ്യമായ ചെടികളും വേരുകളും വൃക്ഷത്തൈകളും തിരഞ്ഞെടുത്ത് നടുവാനും കൃഷി ചെയ്യാനും തുടങ്ങി.
- ഗോതമ്പ്, ബാർളി, ചാമ, കിഴങ്ങുവർഗങ്ങൾ എന്നിവയാണ് ആദ്യകാലത്ത് കൃഷി ചെയ്തിരുന്നത്.
- കൃഷിക്ക് ആവശ്യമായ ജലവും വളക്കൂറുള്ള മണ്ണും പ്രധാനമായും ലഭ്യമായിരുന്ന നദീതടങ്ങളിൽ കൃഷി ആരംഭിച്ചു.
- ഇതോടെ കൃഷിയിടങ്ങൾക്ക് സമീപം സ്ഥിരവാസം ആരംഭിച്ചു.

**സംസ്കാരത്തിന്റെ ഉത്ഭവം നദീതടങ്ങളിൽ ആയിരുന്നല്ലോ. ആദിമ മനുഷ്യർക്ക് സ്ഥിരവാസം ഉറപ്പിക്കാൻ നദീതടങ്ങൾ എങ്ങനെയെല്ലാം സഹായകമായി എന്ന് ചർച്ച ചെയ്യാനുള്ള പ്രവർത്തനം നൽകാവുന്നതാണ്.**

- **നദീതീരങ്ങളിൽ കൃഷിക്ക് അനുകൂലമായ സാഹചര്യങ്ങൾ ഉണ്ടായിരുന്നു.**
- **ജലലഭ്യത**
- **അനുകൂലമായ കാലാവസ്ഥ**
- **മൃഗങ്ങളെ പരിപാലിക്കാൻ സാധിച്ചത്**
- **ഭക്ഷ്യവസ്തുക്കൾക്ക് ബുദ്ധിമുട്ടുണ്ടായില്ല**
- **ഗതാഗത സൗകര്യം**

**ഇത് നദീതടങ്ങളിൽ സംസ്കാരത്തിന്റെ ഉത്ഭവത്തിന് കാരണമായി എന്ന തരത്തിൽ ചർച്ച ചെയ്യാനും ആശയരൂപീകരണം നടത്താനും ടീച്ചർ ശ്രദ്ധിക്കേണ്ടതാണ്.**

**ഭക്ഷ്യവസ്തുക്കളുടെ സംഭരണം**

- നിങ്ങളുടെ വീട്ടിൽ ഭക്ഷ്യവസ്തുക്കൾ സംഭരിച്ചു വയ്ക്കാറുണ്ടോ? ഏതെല്ലാം ഭക്ഷ്യവസ്തുക്കൾ?
- എന്തിലൊക്കെയാണ് ഈ ഭക്ഷ്യവസ്തുക്കൾ സംഭരിച്ച് വയ്ക്കുന്നത്?

കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കട്ടെ.

- ആദിമമനുഷ്യർ ഭക്ഷ്യവസ്തുക്കൾ സൂക്ഷിച്ചു വയ്ക്കുന്നതിനായി ഉപയോഗിച്ചിരുന്ന വസ്തുക്കൾ ഏതെല്ലാം? ഗ്രൂപ്പിൽ ചർച്ച ചെയ്ത് പട്ടികപ്പെടുത്തട്ടെ.
    - മരപ്പാത്രങ്ങൾ
    - പത്തായം പോലുള്ള സൗകര്യങ്ങൾ
    - മൺഭരണികൾ

- ഏതൊക്കെ തരത്തിൽ ആയിരിക്കാം അവർ ഭക്ഷ്യവസ്തുക്കൾ കേടുകൂടാതെ സൂക്ഷിച്ചിട്ടുണ്ടാവുക?
    - വീട്ടിലെ മുതിർന്നവരോട് അന്വേഷിച്ച് ടീച്ചറുടെ സഹായത്തോടുകൂടി അന്വേഷണകുറിപ്പ് തയ്യാറാക്കാം.

**ഭക്ഷ്യവസ്തുക്കളുടെ കൈമാറ്റം**

**ശേഖരിച്ചു വച്ചിരുന്ന ഭക്ഷ്യധാന്യങ്ങൾ പിന്നീട് മറ്റ് പ്രദേശങ്ങളിലുള്ളവർക്ക് കൈമാറിയിരുന്നു. കൈമാറ്റം ദക്ഷിണേന്ത്യയിൽ എന്ന പാഠഭാഗം വ്യക്തിഗതമായി വായിക്കുന്നു.**

ബിസിഇ മൂന്നാം നൂറ്റാണ്ടിനും എസിഇ മൂന്നാം നൂറ്റാണ്ടിനും ഇടയിലാണ് ദക്ഷിണേന്ത്യയിൽ സംഘകാലം നിലനിന്നിരുന്നത്. പ്രാചീന തമിഴകത്തെ സാമൂഹിക ജീവിതം രൂപപ്പെടുത്തുന്നതിൽ തിണകൾക്ക് ഒരു പ്രധാന പങ്കുണ്ടായിരുന്നു. ഭൂപ്രകൃതിക്ക് അനുസരിച്ചാണ് തിണകൾ രൂപപ്പെട്ടത്. ആന്ധ്രാപ്രദേശിലെ വെങ്കട് മലനിരകളിൽ നിന്ന് തുടങ്ങി തെക്ക് കന്യാകുമാരി വരെ കേരളവും കർണാടകയും ആന്ധ്രാപ്രദേശിലെ തെക്കൻ ഭാഗങ്ങളും ഉൾപ്പെട്ടിരുന്ന വിശാലമായ പ്രദേശത്തെയാണ് പ്രാചീന തമിഴകം എന്ന് വിശേഷിപ്പിച്ചിരുന്നത്. പ്രാചീന തമിഴകത്തെ ഭൂപ്രകൃതിയുടെയും തൊഴിലിന്റെയും അടിസ്ഥാനത്തിൽ അഞ്ചായി തിരിച്ചിരുന്നു. ഓരോ തിണയിലെയും മനുഷ്യരുടെ ജീവിതരീതികൾ അവിടുത്തെ ഭൂപ്രകൃതിക്ക് അനുസരിച്ചാണ് ക്രമപ്പെടുത്തിയിരുന്നത് .

| തിണകൾ | ഭൂപ്രദേശം | ഉപജീവനമാർഗം |
|---|---|---|
| കുറിഞ്ചി | കാടും മലയും നിറഞ്ഞ പ്രദേശം | വേട്ടയാടൽ<br>വനവിഭവങ്ങളുടെ ശേഖരണം |
| മുല്ലൈ | പുൽമേടുകൾ | കന്നുകാലി വളർത്തൽ |
| പാലൈ | വരണ്ട പ്രദേശങ്ങൾ | കന്നുകാലി കവർച്ച |
| മരുതം | ചതുപ്പു പ്രദേശം/വയൽ പ്രദേശം | കൃഷി |
| നെയ്തൽ | തീരപ്രദേശം | മീൻ പിടിക്കൽ, ഉപ്പ് ഉണ്ടാക്കൽ |

പാഠപുസ്തകം പേജ് 32 വായിച്ച് നഗരങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെട്ട ഫ്ലോചാർട്ട് പൂർത്തിയാക്കട്ടെ.

സാധനങ്ങളുടെ കൈമാറ്റം -കച്ചവടം - ചന്തകൾ -കച്ചവട കേന്ദ്രങ്ങൾ- നഗരങ്ങൾ

കൊളാഷ് നിർമ്മാണം സാധനങ്ങളുടെ കൈമാറ്റവും നഗരങ്ങളുടെ വളർച്ചയും എന്ന വിഷയത്തെ ആസ്പദമാക്കി കൊളാഷ് നിർമിക്കുന്നു.

**ദേശങ്ങൾകടന്നും ഭക്ഷ്യവസ്തുക്കളുടെ കൈമാറ്റം**

- **പാഠപുസ്തകം പേജ് 33ലെ ചിത്രങ്ങളിലെ സുഗന്ധവ്യഞ്ജനങ്ങൾ തിരിച്ചറിയാനായി**

**പ്രവർത്തനം നൽകുന്നു. കുരുമുളക്, ഏലം, ഇഞ്ചി, ഗ്രാമ്പൂ, കറുവപ്പട്ട, ജാതിക്ക എന്നിവയാണ് ചിത്രത്തിലുള്ളത്. ഇത്തരം സുഗന്ധവ്യഞ്ജനങ്ങൾ കുട്ടികളോട് ക്ലാസ്സിൽ കൊണ്ടുവരാനായി ആവശ്യപ്പെടാം. ചാർട്ടിൽ ഇവ ഒട്ടിച്ച് ക്ലാസിൽ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. ഓരോ സുഗന്ധ വ്യഞ്ജനങ്ങളുടെയും വിവരങ്ങൾ ശേഖരിച്ച് കുറിപ്പ് തയ്യാറാക്കാം.**

കുരുമുളക്

സുഗന്ധവ്യഞ്ജനങ്ങളുടെ രാജാവ് എന്നറിയപ്പെടുന്നു.കുരുമുളകിന്റെ ജന്മദേശം ദക്ഷിണേന്ത്യയിലാണ്. പ്രോട്ടീൻ, കാർബോ ഹൈഡ്രേറ്റ്, കൊഴുപ്പ്, വിറ്റാമിനുകൾ, ധാതുക്കൾ എന്നിവ ധാരാളമായി കുരുമുളകിൽ അടങ്ങിയിട്ടുണ്ട്. കുരുമുളകിന് എരിവ് നൽകുന്നത് പൈപ്പറിൻ എന്ന ഘടകമാണ്. ഭക്ഷണപദാർഥങ്ങൾക്ക് രുചിയും മണവും നൽകാനും ഔഷധമായും കുരുമുളക് ഉപയോഗിക്കുന്നു. അന്തർദേശീയ വിപണിയിൽ ഒന്നാം സ്ഥാനമുള്ള സുഗന്ധവ്യഞ്ജനമാണ് കുരുമുളക്.

**കറുവപ്പട്ട**

**ലോകത്തിലെ ഏറ്റവും പഴക്കമേറിയ കറുവപ്പട്ട മരങ്ങളുടെ കൃഷിത്തോട്ടം കേരളത്തിലാണുള്ളത്. കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടിയിലാണ് ഈ പുരാതന കറുവത്തോട്ടം സ്ഥിതി ചെയ്യുന്നത്.**

ഏലം

സുഗന്ധവ്യഞ്ജനങ്ങളുടെ റാണി എന്നാണ് ഏലത്തെ അറിയപ്പെടുന്നത്. **കേരളത്തിലും ആസാമിലും ധാരാളമായി കൃഷി ചെയ്തുവരുന്നു. ഇന്തോനേഷ്യ, ഇന്ത്യൻ ഉപഭൂഖണ്ഡം എന്നിവിടങ്ങളിലാണ് ഏലത്തിന്റെ ജന്മദേശം.**

**ജാതിയ്ക്ക**

ഔഷധഗുണം നിറഞ്ഞ ഒരു സുഗന്ധവ്യഞ്ജനമാണ് ജാതിക്ക. കർണാടകയിലും കേരളത്തിലെ പശ്ചിമഘട്ടത്തോട് ചേർന്ന പ്രദേശങ്ങളിലും ജാതിമരം സമൃദ്ധമായി വളരുന്നു. മധ്യകാലഘട്ടത്തിൽ അറബികൾ ഇന്ത്യയിൽ നിന്ന് വൻതോതിൽ ജാതിക്ക വാങ്ങിക്കൊണ്ടുപോയിരുന്നതായി ചരിത്രരേഖകൾ ഉണ്ട് . ഭക്ഷ്യവസ്തുക്കൾക്ക് സ്വാദ് ലഭിക്കുന്നതും. സുഗന്ധദ്രവ്യങ്ങൾ, ഔഷധങ്ങൾ എന്നിവയുടെ നിർമ്മാണത്തിനും ജാതിയ്ക്ക ഉപയോഗിച്ച് വരുന്നു.

ഗ്രാമ്പൂ

അന്തർദേശീയ വിപണിയിൽ ഏറ്റവും കൂടുതൽ പ്രാധാന്യമുള്ള രണ്ടാമത്തെ സുഗന്ധവ്യഞ്ജനമാണ് ഗ്രാമ്പൂ. മസാലകളിൽ ധാരാളമായി ഉപയോഗിക്കുന്നു. കേരളത്തിലും തമിഴ്നാട്ടിലുമാണ് പ്രധാനമായും ഗ്രാമ്പൂ കൃഷി ചെയ്യുന്നത്. ചൈനാക്കാരാണ് ആദ്യമായി ഗ്രാമ്പൂ സുഗന്ധ വ്യഞ്ജനമായി ഉപഗോഗിച്ചു തുടങ്ങിയത്. ഗ്രാമ്പൂവിന്റെ പൂമൊട്ടുകൾ ഉണക്കിയെടുത്താണ് സുഗന്ധവ്യഞ്ജനമായി ഉപയോഗിക്കുന്നത്. പ്രോട്ടീൻ, ഇരുമ്പ്, കൊഴുപ്പ്, അന്നജം, കാത്സ്യം, ഫോസ്ഫറസ് എന്നിവ ഗ്രാമ്പൂവിൽ അടങ്ങിയിട്ടുണ്ട്.

ഇഞ്ചി

ഇഞ്ചി ഔഷധമായും സുഗന്ധ വ്യഞ്ജനമായും ഉപയോഗിക്കുന്നു. ഇഞ്ചിയുടെ ജന്മദേശം ഇന്ത്യയോ മലേഷ്യയോ ആണെന്ന് കരുതപ്പെടുന്നു. ഏഷ്യയിലാണ് പ്രധാനമായും ഇഞ്ചി കൃഷി ചെയ്യുന്നത്. ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്ന ഇഞ്ചിയുടെ പകുതിയിലേറെയും കൃഷി ചെയ്യുന്നത് കേരളത്തിലാണ്.

കച്ചവടത്തിന്റെ വ്യാപനത്തോടെ വിവിധതരത്തിലുള്ള ഭക്ഷ്യവസ്തുക്കൾ ലോകത്തിന്റെ പലഭാഗങ്ങളിലേക്കും എത്തിച്ചേർന്നു. ഇങ്ങനെ യൂറോപ്യരുടെ വരവോടെ പുതിയ ഭക്ഷ്യവസ്തുക്കൾ ഇന്ത്യയിലേയ്ക്ക് എത്തിച്ചേർന്നു.

കശുവണ്ടി

ഉഷ്ണമേഖലാ പ്രദേശങ്ങളിൽ ധാരാളമായി കാണപ്പെടുന്നതാണ് കശുവണ്ടി. ബ്രസീലാണ് ഇതിന്റെ ജന്മദേശം. പോർച്ചുഗീസുകാരാണ് ഇന്ത്യയിൽ കശുവണ്ടി പ്രചരിപ്പിച്ചത്. കേരളത്തിൽ ഏറ്റവും കൂടുതൽ കശുമാവ് കൃഷി ചെയ്യുന്നത് കണ്ണൂരിലാണ്. എന്നാൽ കശുവണ്ടിയിൽ അധിഷ്ഠിതമായ വ്യവസായങ്ങൾ കൂടുതലുള്ളത് കൊല്ലം ജില്ലയിലാണ്. പോഷകസമൃദ്ധവും രുചികരവുമാണ് കശുവണ്ടിപ്പരിപ്പ്. കാൽസ്യം, ഇരുമ്പ്, മഗ്നീഷ്യം നാരുകൾ തുടങ്ങിയവ കശുവണ്ടിപ്പരിപ്പിൽ ധാരാളമായി അടങ്ങിയിട്ടുണ്ട്.

ഉരുളക്കിഴങ്ങ്

നമുക്ക് ഏറെ പരിചയമുള്ളതും ഭക്ഷ്യയോഗ്യവുമായ കിഴങ്ങുവിളയാണ് ഉരുളക്കിഴങ്ങ്. അമേരിക്ക, മെക്സിക്കോ, ചിലി തുടങ്ങിയ രാജ്യങ്ങളിലെ മലമ്പ്രദേശങ്ങളിലാണ് ഉരുളക്കിഴങ്ങ് ചെടികളെ ആദ്യമായി കണ്ടെത്തിയത്. ഉരുളക്കിഴങ്ങിന്റെ ജന്മദേശം പെറു ആണ്. പ്രോട്ടീൻ, അന്നജം എന്നിവ ധാരാളമടങ്ങിയ ഭക്ഷ്യവസ്തുവാണ് ഉരുളക്കിഴങ്ങ്.

മരച്ചീനി

തെക്കേ അമേരിക്ക, ആഫ്രിക്ക, ഇന്തോനേഷ്യ , ഇന്ത്യ തുടങ്ങിയ ലോകത്തിന്റെ മിക്ക രാജ്യങ്ങളിലും കൃഷി ചെയ്യപ്പെടുന്ന ഒരു ഹ്രസ്വകാല വിളയാണ് മരച്ചീനി എന്ന് അറിയപ്പെടുന്ന കപ്പ. മരച്ചീനി കേരളത്തിലേക്ക് കൊണ്ടുവന്ന് പ്രചരിപ്പിച്ചത് തിരുവിതാംകൂർ ഭരിച്ചിരുന്ന വിശാഖം തിരുനാൾ മഹാരാജാവായിരുന്നു. രണ്ടാലോകയുദ്ധകാലത്ത് ഉണ്ടായ ഭക്ഷ്യ ക്ഷാമത്തിൽ നിന്നും കേരളത്തെ രക്ഷിച്ചത് മരച്ചീനിയായിരുന്നു. തിരുവനന്തപുരത്തെ കിഴങ്ങ് ഗവേഷണ കേന്ദ്രം ആദ്യമായി കണ്ടുപിടിച്ച അത്യുൽപാദനശേഷിയുള്ള മരച്ചീനിയ്ക്ക് ശ്രീ വിശാഖം എന്ന പേര് നൽകിയത് ശ്രീ വിശാഖം തിരുന്നാളിന്റെ സ്മരണ നിലനിർത്താനായിരുന്നു.

പപ്പായ

ഇന്ന് മിക്ക ഉഷ്ണമേഖലാ രാജ്യങ്ങളിലും പപ്പായ കൃഷി ചെയ്തുവരുന്നു. അമേരിക്കയാണ് പപ്പായയുടെ ജന്മദേശം. പോഷക മൂല്യങ്ങളുടെ കാര്യത്തിൽ വളരെ മുൻപന്തിയിൽ നിൽക്കുന്ന ഒരു പഴമാണ് പപ്പായ. ഇരുമ്പ്, കാൽസ്യം, വിറ്റാമിൻ എ, ബി, സി തുടങ്ങിയവ പപ്പായയിൽ ധാരാളമായി അടങ്ങിയിരിക്കുന്നു.

കൈതച്ചക്ക

ഹരിത കിരീടം വച്ച് രാജകീയ പ്രൗഢിയോടെ നിൽക്കുന്ന ഫലമാണ് കൈതച്ചക്ക. സ്വർഗ്ഗീയ ഫലം എന്ന് വിശേഷിപ്പിക്കുന്നു. ബ്രസീൽ ആണ് കൈതച്ചക്കയുടെ ജന്മദേശം. ഇന്ത്യയിൽ കൈതച്ചക്ക പ്രചരിപ്പിച്ചത് പോർച്ചുഗീസുകാരാണ്. ഫിലിപ്പിൻസിൽ ഇതിന്റെ ഇലകൾ ഉപയോഗിച്ച് വസ്ത്രങ്ങൾ നിർമ്മിച്ചുവരുന്നു. ദഹനത്തിന് വളരെ അനുയോജ്യമായ ഫലമാണ് കൈതച്ചക്ക.

- വായനാസാമഗ്രിയിൽ നിന്നുള്ള വിവരങ്ങൾ ഉൾപ്പെടുത്തി തിരിച്ചറിയൽ കാർഡ് തയ്യാറാക്കാം.
    - മറ്റു രാജ്യങ്ങളിൽ നിന്നും നമ്മുടെ രാജ്യത്ത് പ്രചാരത്തിൽ വന്ന ഭക്ഷ്യവിഭവങ്ങളുടെ പട്ടിക തയ്യാറാക്കട്ടെ.

ഭക്ഷണവും അസമത്വവും

സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ പലതവണ മിശ്രഭോജനം നടത്തിയിരുന്നതായി സൂചനകൾ ഉണ്ട്. തിരുവനന്തപുരത്ത് ജോലി ചെയ്യുന്ന കാലത്ത് അന്നത്തെ പ്രധാന സമുദായ പരിഷ്കർത്താക്കളോടൊപ്പം നെയ്യാറ്റിൻകരയിൽ വച്ച് നടത്തിയ മിശ്രഭോജനത്തിൽ അയ്യപ്പനും പങ്കെടുത്തു എല്ലാവരും ഒത്തുചേർന്ന് കുമാരനാശാന്റെ വീട്ടിൽ വച്ച് തന്നെ മിശ്രഭോജനം നടത്തി. ലോ കോളജിൽ എഫ് എ ക്ലാസ്സിൽ പഠിക്കുമ്പോൾ കോളേജിലെ വിദ്യാർഥികൾക്കും അധ്യാപക-അധ്യാപകേതര ജീവനക്കാർക്കും ഭക്ഷണം നൽകുന്ന പതിവുണ്ടായിരുന്നു. സവർണർക്കും അവർണർക്കും വേറെ ഹാളിൽ ആയിരുന്നു ഭക്ഷണം നൽകിയത്. ഈ പ്രവൃത്തി അയ്യപ്പനെ പ്രകോപിതനാക്കി. കുട്ടികളിൽ കുറച്ചുപേർ അയ്യപ്പന്റെ അഭിപ്രായത്തോട് യോജിച്ചു. ഒടുവിൽ കോളേജ് അധികാരികൾ താല്പര്യമുള്ളവർക്ക് ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാം എന്നുള്ള വ്യവസ്ഥയിൽ ഒത്തുതീർപ്പിന് തയ്യാറായി. തുടർന്ന് ഭൂരിപക്ഷം വിദ്യാർഥികളും ഒന്നിച്ചിരുന്ന് ഭക്ഷണം കഴിച്ചു. ഈ സംഭവത്തിനുശേഷം അയ്യപ്പൻ കേരളം മുഴുവൻ അറിയപ്പെടുന്ന വ്യക്തിത്വമായി വളർന്നു.

- വായനാ സാമഗ്രി ഗ്രൂപ്പുകളിൽ നൽകുന്നു.
- ഈ വിവരണത്തിൽ നിന്നും സമൂഹത്തിൽ നിലനിന്നിരുന്ന ഏതെങ്കിലും അസമത്വത്തെക്കുറിച്ച് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ടോ? എന്ന് ചോദിച്ചുകൊണ്ട് ഭക്ഷണവും അസമത്വവും എന്ന പാഠഭാഗത്തേയ്ക്ക് പ്രവേശിക്കാം.

പാഠപുസ്തകം പേജ് നമ്പർ 35 ലെ 'ഭക്ഷണവും അസമത്വവും' എന്ന പാഠഭാഗം വായിച്ച് ' ഭക്ഷണത്തിലെ അസമത്വങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കട്ടെ.

- ഭക്ഷണവുമായി ബന്ധപ്പെട്ട അസമത്വം
- സാമൂഹിക അസമത്വം
- മിശ്രഭോജനം
- സാമ്പത്തിക വിവേചനം

- നിയമം മൂലം നിരോധിച്ചിട്ടുണ്ട്.

എന്നീ ആശയങ്ങൾ കുറിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ടീച്ചർ ഉറപ്പു വരുത്തേണ്ടതാണ്.

"വയർ കാളാൻ തുടങ്ങുമ്പോൾ ജന്മിമാരുടെ വീടുകളിലേക്ക് പോകും. അവിടെ കഞ്ഞി പാത്രത്തിൽ തരില്ല. മുറ്റത്ത് പോലുമല്ല തൊടിയിൽ മണ്ണ് കുഴിച്ച് ഇലയിട്ട് ഒഴിച്ച് തരും. 14 വയസ്സുള്ളപ്പോഴാണ് വീടിനടുത്തുള്ള ജന്മിയുടെ വീട്ടിൽ കഞ്ഞിക്ക് ചെന്നത്. മണ്ണിൽ കുഴിച്ച് കഞ്ഞി ഒഴിച്ച് തന്നു. അവിടെ ഭയങ്കരനായ ഒരു പട്ടിയുണ്ടായിരുന്നു. എന്നോടൊപ്പം അവനോടും ചെന്ന് കഴിക്കാൻ വീട്ടുകാർ പറഞ്ഞു. കുഴിയുടെ അടുത്തേക്ക് കുരച്ചെത്തിയ പട്ടി കഞ്ഞി കുടിക്കാനുള്ള ആർത്തിയിൽ എന്നെ കടിച്ചു മാറ്റി".

എതിര് : ചെറോണയുടെയും അയ്യപ്പന്റെയും മകന്റെ ജീവിത സമരം

**- എം കുഞ്ഞാമൻ**

ഭക്ഷണ സംസ്കാരത്തിൽ പഴയകാലത്ത് കേരളത്തിൽ പലതരത്തിലുള്ള അസമത്വങ്ങളും വിവേചനങ്ങളും നിലനിന്നിരുന്നുവെന്ന് ഈ വിവരണം സൂചിപ്പിക്കുന്നു.

### ക്രോഡീകരണം

സഹോദരൻ അയ്യപ്പനെ കൂടാതെ മറ്റ് പല സാമൂഹിക പരിഷ്കർത്താക്കളും ഭക്ഷണവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന പലതരത്തിലുള്ള അസമത്വങ്ങളും വിവേചനങ്ങളും ഇല്ലാതാക്കാൻ ശ്രമിച്ചിട്ടുണ്ട്. വൈകുണ്ഠസ്വാമികളുടെ നേതൃത്വത്തിൽ നടത്തിയ സമപന്തിഭോജനം ഇതിന് ഒരു ഉദാഹരണമാണ്.

### പട്ടിണിയുടെ നേർക്കാഴ്ചകൾ

1993 മാർച്ച് 26 ന് ന്യൂയോർക്ക് ടൈംസ് പ്രസിദ്ധീകരിച്ച കെവിൻ കാർട്ടറുടെ പട്ടിണിയെ സൂചിപ്പിക്കുന്ന ചിത്രം ലോകത്ത് ഏറെ ചർച്ചയ്ക്ക് വിധേയമായ ഒന്നാണ്.ആഫ്രിക്കൻ രാജ്യമായ സുഡാന്റെ തെക്കൻ പ്രദേശത്ത് പട്ടിണി മൂലം വിശന്നുവീണ ഒരു കുട്ടിയും കുട്ടിയെ ഭക്ഷണമാക്കാൻ കാത്തുനിൽക്കുന്ന കഴുകനും ആണ് ചിത്രത്തിൽ ഉള്ളത്. കെവിൻ കാർട്ടർ എന്ന വിഖ്യാത ഫോട്ടോഗ്രാഫറാണ് ഇത് പകർത്തിയത്. ഈ ചിത്രം ലോകം നേരിട്ടുകൊണ്ടിരിക്കുന്ന സാമൂഹ്യ പ്രശ്നങ്ങളിൽ ഒന്നായ ദാരിദ്ര്യത്തെയാണ് സൂചിപ്പിക്കുന്നത്.

ആഭ്യന്തരയുദ്ധം മൂലം ജനം നരകയാതന അനുഭവിച്ചിരുന്ന സുഡാനിലേക്ക് ഭക്ഷണം എത്തിക്കാനുള്ളതായിരുന്നു ഓപ്പറേഷൻ ലൈഫ് ലൈൻ സുഡാൻ എന്ന യുഎൻ പദ്ധതി .സുഡാനിലെ അവസ്ഥ ലോകത്തിനു മുന്നിൽ എത്തിക്കുന്നതിന് ഫോട്ടോ ജേണലിസ്റ്റുകളെയും ക്ഷണിച്ചിരുന്നു.

സുഡാനിലെ അവസ്ഥ ലോകത്തിനു മുന്നിൽ എത്തിക്കുന്നതിന് യു എൻ സംഘത്തിനൊപ്പം ദക്ഷിണ സുഡാനിലേക്ക് കെവിൻ കാർട്ടറും ചേർന്നു. കൊടും പട്ടിണിയുടെയും മരണത്തിന്റെയും ഭീകരത തളംകെട്ടി നിൽക്കുന്ന ദക്ഷിണ സുഡാനിലേക്ക് ഭക്ഷണം എത്തിക്കാൻ സംഘത്തിന് അനുവാദം ലഭിച്ചു. ഭക്ഷണം വിതരണം ചെയ്യാനുള്ള 30 മിനിറ്റ്

സമയം മാത്രമേ ചെലവഴിക്കാൻ ലഭിക്കുകയുള്ളൂവെന്ന് മുന്നറിയിപ്പ് നൽകിയിരുന്നു. കെവിൻ ഭക്ഷണവിതരണ ക്യാംപിലേക്ക് ഓടിയെത്തിയ പട്ടിണിക്കോലങ്ങളായ സുഡാനികളുടെ ചിത്രങ്ങളെടുത്തു.

പട്ടിണിയുടെയും മരണത്തിന്റെയും ദയനീയമായ അവസ്ഥ കണ്ട് മനംമടുത്ത കെവിൻ ഏതാനും ക്ലിക്കുകൾക്കുശേഷം ക്യാംപിലേക്കു മടങ്ങാനൊരുങ്ങവേ ഒരു കരച്ചിൽ കേട്ടു. ആ ഭാഗത്തേക്കു ചെന്ന...കെവിൻ കണ്ടത് കൊടുംവെയിലത്തു തല കുമ്പിട്ടു കൂനിക്കൂടി നിലത്തിരിക്കുന്ന ഒരു കുട്ടിയെയാണ്....ശരീരത്തിലെ എല്ലുകൾ പുറത്തേക്ക് ഉന്തിനിന്നിരുന്നു. എഴുന്നേറ്റു നിൽക്കാൻപോലും ത്രാണിയില്ലാത്ത കുട്ടി ...ഭക്ഷണവിതരണ കേന്ദ്രത്തിലേക്കു നിരങ്ങി നീങ്ങുകയായിരുന്നു. കെവിൻ കുട്ടിയുടെ അടുത്തേക്കു നീങ്ങിയതും...ഏറെയകലെയല്ലാതെ ഒരു ശവംതീനി കഴുകൻ പറന്നിറങ്ങി....കെവിനിലെ ഫൊട്ടോഗ്രഫർ ഉണർന്നു. മരണവും ജീവിതവും ഒറ്റ ഫ്രെയിമിൽ. ജീവൻ നിലനിർത്താൻ പൊരുതുന്ന കുഞ്ഞ്....

ഈ സംഭവകുറിപ്പ് അവതരിപ്പിച്ചുകൊണ്ട് പട്ടിണിയുടെ നേർകാഴ്ചകൾ എന്ന പാഠഭാഗത്തേക്ക് പ്രവേശിക്കാം.

പേജ് 36 ൽ നൽകിയിരിക്കുന്ന വാർത്താ തലക്കെട്ടുകൾ വിശകലനം ചെയ്ത് പട്ടിണിക്കുള്ള കാരണങ്ങൾ പട്ടികപ്പെടുത്തട്ടെ.

- കാലാവസ്ഥാ വ്യതിയാനം
- യുദ്ധം
- പ്രകൃതി ദുരന്തങ്ങൾ
- ഭക്ഷ്യപ്രതിസന്ധി

പട്ടിണിക്കുള്ള കൂടുതൽ കാരണങ്ങൾ പാഠഭാഗത്ത് നിന്ന് കണ്ടെത്താൻ നിർദേശിക്കാം.

ഭക്ഷണവുമായി ബന്ധപ്പെട്ട തൊഴിൽ മേഖലകൾ, തൊഴിൽ സാധ്യതകൾ എന്നിവയെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കാൻ കുട്ടികളോട് ആവശ്യപ്പെടാം. ആവശ്യമായ നിർദ്ദേശങ്ങൾ ടീച്ചർ നൽകേണ്ടതാണ്.

1943 ലെ ബംഗാൾ ക്ഷാമത്തിൻെറ കാരണങ്ങൾ

- ബംഗാൾ ഉൾക്കടലിലുണ്ടായ വേലിയേറ്റ തിരമാലകൾ കൃഷിനാശത്തിന് കാരണമായത്.
- ഭക്ഷ്യധാന്യവിതരണത്തിലെ അസന്തുലിതാവസ്ഥ
- ബ്രിട്ടീഷ് സർക്കാരിൻെറ ബംഗാളിലെ ജനങ്ങളോടുള്ള മനോഭാവം
- കാർഷിക മേഖലയിലെ സ്തംഭനം
- അരിയുടെ വിലയിലുണ്ടായ വർദ്ധനവ്
- ഉപ്പുവെള്ളം കൃഷിയിടങ്ങളിൽ കയറി വെള്ളപ്പൊക്കമുണ്ടായത്
- ചുഴലി കൊടുങ്കാറ്റ്

2013 ലെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം

2013 ൽ ഇന്ത്യൻ പാർലമെൻറ് പാസാക്കിയ ഭക്ഷ്യ സുരക്ഷാ നിയമം.

ഭക്ഷ്യസുരക്ഷ സർക്കാരിന്റെ കടമയാണ്. പോഷകമൂല്യമുള്ളതും ഗുണമേന്മയുള്ളതുമായ ഭക്ഷ്യവസ്തുക്കൾ മിതമായ വിലയ്ക്ക് എല്ലാവർക്കും ലഭ്യമാക്കുക എന്നതാണ് ഇതിൻെറ പ്രധാന ലക്ഷ്യം. ഭക്ഷ്യവസ്തുക്കളുടെ ലഭ്യത ഒരോ പൗരരുടെയും നിയമപരമായ അവകാശമാണ്.

ഇന്ത്യാ ഗവൺമെന്റിൻെറ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം ഉച്ചഭക്ഷണ പദ്ധതി, പൊതുവിതരണ സംവിധാനം, സംയോജിത ശിശു വികസന സേവന പരിപാടി (ICDS) എന്നിവ നടപ്പിലാക്കി വരുന്നു.

### പ്ലക്കാർഡ് നിർമാണം

ഭക്ഷ്യദിന റാലി സംഘടിപ്പിക്കുന്നതിനാവശ്യമായ പ്ലക്കാർഡുകൾ നിർമ്മിക്കുന്നു.

പട്ടിണിയില്ലാത്ത ലോകം സൃഷിടിക്കുന്നതിന് നമുക്ക് ഓരോരുത്തർക്കും എന്തെല്ലാം ചെയ്യാൻ കഴിയും? സ്വതന്ത്ര ചർച്ച.

### ഭക്ഷണവും ആരോഗ്യവും

അനാരോഗ്യകരമായ ഭക്ഷണശീലവും ജീവിതശൈലീ രോഗങ്ങളും എന്ന വിഷയത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നതിനായി ഒരു ആരോഗ്യപ്രവർത്തകനുമായി അഭിമുഖം നടത്തുക.

### റഫറൻസ്


Pre- history - Irfan Habib

Man makes himself - Gordon Childe

History of the world - Roshan Dalal

A History of Ancient and early medieval India - Upinder Singh

സഹോദരൻ അയ്യപ്പൻ - ഡോ. ഒ.കെ. സന്തോഷ്, ചിന്താ പബ്ലിക്കേഷൻ

നമ്മുടെ സസ്യങ്ങൾ - പൂർണ പബ്ലിക്കേഷൻസ്

കേരള സംസ്കാരം - പ്രൊ. എസ്. അച്യൂതവാര്യർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

കേരള ഭക്ഷണ ചരിത്രം - സുമ ശിവദാസ്, ഡോ. ദീപ ജി, ഡി.സി. ബുക്സ്

നവോത്ഥാനം - പുതിയ വർത്തമാനം - എൻ. രതീന്ദ്രൻ, സ്വദേശാഭിമാനി പബ്ലിക്കേഷൻ

ഫലവൃക്ഷങ്ങൾ -പൂർണ പബ്ലിക്കേഷൻസ്

www.britanica.com

## ടീച്ചറിന്റെ സ്വയംവിലയിരുത്തൽ

| നമ്പർ | സൂചകങ്ങൾ | അതെ | അല്ല |
|---|---|---|---|
| 1 | മനുഷ്യരുടെ നിലനിൽപ്പിന് അത്യാവശ്യമായ ഘടകങ്ങളിലൊന്നാണ് ഭക്ഷണം എന്ന് കുട്ടികൾ തിരിച്ചറിഞ്ഞിട്ടുണ്ട്. | | |
| 2 | ആദിമ മനുഷ്യർ ഭക്ഷ്യോൽപാദനത്തിലേക്കെത്തിയ സാഹചര്യം വിശകലനം ചെയ്യാൻ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട് | | |
| 3 | ഓരോ കാലഘട്ടത്തിലെയും ഭക്ഷണത്തിലെ വൈവിധ്യങ്ങൾ താരതമ്യം ചെയ്ത് നിഗമനങ്ങൾ രൂപീകരിക്കാൻ കുട്ടികൾക്ക് അവസരം നൽകിയിട്ടുണ്ട്. | | |
| 4 | ഭക്ഷണ കൈമാറ്റം നഗരരൂപീകരണത്തിലേക്ക് നയിച്ചത് എങ്ങനെയെന്ന് കുട്ടികൾ തിരിച്ചറിഞ്ഞിട്ടുണ്ട് | | |
| 5 | ഭക്ഷണവും ആരോഗ്യവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കുട്ടികൾ തിരിച്ചറിഞ്ഞിട്ടുണ്ട്. | | |

3

# തൊഴിൽ വൈവിധ്യങ്ങൾ

## ആമുഖം

സമൂഹത്തിൽ നിലനിൽക്കുന്ന വിവിധതരം തൊഴിലുകൾ തിരിച്ചറിയുന്നതിനും പ്രത്യേകതകൾ അനുസരിച്ച് വിവിധ തൊഴിലുകളെ തരം തിരിച്ച് വിശകലനം ചെയ്യുന്നതിനുമാണ് 'തൊഴിൽവൈവിധ്യങ്ങൾ' എന്ന പാഠം ഊന്നൽനൽകുന്നത്. പ്രതിഫലം, വരുമാനം, വരുമാനസ്രോതസ്സുകൾ, വ്യക്തിവരുമാനം, കുടുംബവരുമാനം, കാർഷികതൊഴിലുകളും കാർഷികേതരതൊഴിലുകളും, സ്വയംതൊഴിൽ എന്നിവയാണ് ഈ പാഠത്തിലെ പ്രധാന ആശയങ്ങൾ. തൊഴിൽ, കൃഷി എന്നീ തീമുകളാണ് ഈ പാഠത്തിൽ പ്രധാനമായും ചർച്ച ചെയ്യുന്നത്. സാമ്പത്തികശാസ്ത്രത്തോടൊപ്പം വിഷയാന്തരസമീപനത്തിൽ സമൂഹശാസ്ത്രവും ഭാഷയും കടന്നുവരുന്നു. ഈ പാഠത്തിലൂടെ പഠിതാവ് സമൂഹത്തിൽ നിലനിൽക്കുന്ന തൊഴിൽവൈവിധ്യങ്ങൾ തിരിച്ചറിയുന്നതിനുള്ള ശേഷി കൈവരിക്കുകയും സ്വയം തൊഴിൽ അനുകൂല മനോഭാവം വളർത്തുകയും ചെയ്യുന്നു. തൊഴിലുകളോടും തൊഴിലാളികളോടും ബഹുമാനമുള്ള ഒരു വ്യക്തിയാകുന്നതോടൊപ്പം ഏതു മേഖലയിലുള്ള തൊഴിലിനും അതിന്റേതായ മൂല്യമുണ്ട് എന്ന ധാരണയും പഠിതാവിൽ ഉണ്ടാകണം. വിവിധ വരുമാനസ്രോതസ്സുകൾ മനസ്സിലാക്കാൻ ഉതകുന്ന സംഘചർച്ച, വിവിധ തരം തൊഴിലുകളെക്കുറിച്ചുള്ള വിവരശേഖരണം, തൊഴിലുകളെ പ്രത്യേകത അനുസരിച്ച് തരംതിരിക്കുന്ന സംഘപ്രവർത്തനം തുടങ്ങിയവ പാഠത്തിന്റെ പ്രധാനപ്രവർത്തനങ്ങളാണ്.

**ശേഷികൾ/നൈപുണികൾ**

- തൊഴിലുകളെ അവയുടെ പ്രത്യേകത അനുസരിച്ച് തരംതിരിച്ച് പട്ടികപ്പെടുത്താനുള്ള ശേഷി നേടുന്നു
- സ്വയംതൊഴിൽ നേടുന്നതിനുള്ള ശേഷി കൈവരിക്കുന്നു.

**മൂല്യങ്ങൾ/മനോഭാവങ്ങൾ**

- വിവിധ തൊഴിലുകളോടും തൊഴിലാളികളോടും ഉള്ള ബഹുമാനം
- എല്ലാ മേഖലകളിലെയും തൊഴിലുകൾ വില കൽപ്പിക്കപ്പെടേണ്ടതാണെന്ന മൂല്യം
- സ്വയംതൊഴിൽ അനുകൂല മനോഭാവം

**പഠനലക്ഷ്യങ്ങൾ**

- സമൂഹത്തിൽ നിലനിൽക്കുന്ന വിവിധതരം തൊഴിലുകൾ തിരിച്ചറിയുന്നതിന്
- വിവിധ തൊഴിലുകളെ തരംതിരിച്ച് വിശകലനം ചെയ്യുന്നതിന്
- ഓരോ തൊഴിലിന്റെയും പ്രാധാന്യം തിരിച്ചറിയുന്നതിന്
- എല്ലാ തൊഴിലിനും അതിന്റേതായ മൂല്യമുണ്ട് എന്ന് തിരിച്ചറിയുന്നതിന്
- സ്വയംതൊഴിലുകളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്.

# യൂണിറ്റ് ഫ്രെയിം

സമയം- 13 പിരീഡ്

| ആശയങ്ങൾ/ധാരണകൾ | പഠനപ്രവർത്തനങ്ങൾ | പഠനസാമഗ്രികൾ |
|---|---|---|
| വരുമാനം | - പ്രതിഫലം ലഭിക്കുന്നതും അല്ലാത്തതുമായ തൊഴിലുകൾ<br>- കുടുംബത്തിന്റെ വിവിധ വരുമാന മാർഗ്ഗങ്ങൾ, ചിത്രവിശകലനം<br>- ചർച്ച, ചർച്ചാക്കുറിപ്പ് തയ്യാറാക്കൽ<br>- ചിത്രങ്ങൾ നിരീക്ഷിച്ച് തൊഴിലുകൾ കണ്ടെത്തി തരംതിരിക്കൽ | ചിത്രങ്ങൾ |
| തൊഴിൽ | - വായനാസാമഗ്രിയിൽ നിന്നും തൊഴിലുകൾ കണ്ടെത്തൽ<br>- കുടുംബാംഗങ്ങളുടെ തൊഴിൽ- പട്ടിക പൂർത്തിയാക്കൽ | വായനാസാമഗ്രി |
| വരുമാന സ്രോതസ്സുകൾ | - വരുമാന സ്രോതസ്സുകൾ കണ്ടെത്തൽ<br>- ജനങ്ങൾ ചെയ്യുന്ന വിവിധ തൊഴിലുകൾ - വിവരശേഖരണം<br>- വിവിധ വരുമാന സ്രോതസ്സുകൾ -ഡയഗ്രം പൂർത്തിയാക്കൽ<br>- കുടുംബത്തിലെ വിവിധ വരുമാന സ്രോതസുകളെക്കുറിച്ച് ചർച്ച<br>- ചർച്ചാക്കുറിപ്പ് തയ്യാറാക്കൽ | വിവിധതരം തൊഴിലുകൾ വീഡിയോ ക്ലിപ്പിംഗ് |
| വ്യക്തിഗതവരുമാനവും കുടുംബവരുമാനവും | - വ്യത്യസ്ത വരുമാനസ്രോതസുകളും അവയിൽ നിന്നുള്ള വരുമാനവും, ഗ്രൂപ്പ്തല ചർച്ച - വിവരശേഖരണം, വിവിധ തൊഴിലുകൾ പട്ടികപ്പെടുത്തൽ, തരംതിരിക്കൽ<br>- വ്യത്യസ്തമായ വരുമാന സ്രോതസ്സുകൾ പട്ടികപ്പെടുത്തൽ | വിവിധ തൊഴിൽ ചിത്രങ്ങൾ (ഐ.സി.ടി) |

| | | |
|---|---|---|
| വിവിധതരം തൊഴിലുകൾ | - ചിത്രവിശകലനം ചെയ്ത് തൊഴിലുകൾ കണ്ടെത്തൽ<br>- കാർഷികത്തൊഴിലുകൾ, കാർഷികേതര തൊഴിലുകൾ - പട്ടികപ്പെടുത്തൽ<br>- വിദ്യാലയത്തിലെ കാർഷിക ക്ലബിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ -കുറിപ്പ് തയ്യാറാക്കൽ<br>- കാർഷിക - കാർഷികേതര തൊഴിലുകൾ- പട്ടികപൂർത്തിയാക്കൽ | റഫറൻസ് ഗ്രന്ഥങ്ങൾ<br>ഐ.സി.ടി. |
| സ്വയംതൊഴിൽ | - സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ സ്വയംതൊഴിൽ പദ്ധതികൾ പട്ടികപ്പെടുത്തൽ<br>- സ്വയംതൊഴിൽ സംരംഭങ്ങൾ -സന്ദർശനം<br>- സ്വയംതൊഴിൽ മാതൃകകൾ പരിചയപ്പെടൽ | ഐ.സി.ടി.<br>ഫീൽഡ് ട്രിപ്പ്<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ |

## യൂണിറ്റിലേക്ക്

നിങ്ങൾ വീട്ടുജോലികളിൽ മാതാപിതാക്കളെ സഹായിക്കാറുണ്ടോ? എന്തെല്ലാം ജോലികളാണ് നിങ്ങൾ വീട്ടിൽ ചെയ്യാറുള്ളത്? ഇത്തരം ജോലികൾ ചെയ്യുമ്പോൾ എന്തെങ്കിലും സമ്മാനങ്ങൾ നിങ്ങൾക്ക് ലഭിക്കാറുണ്ടോ? തുടങ്ങിയ ചോദ്യങ്ങളിലൂടെ പാഠഭാഗത്തേക്ക് പ്രവേശിക്കാവുന്നതാണ്.

പാഠപുസ്തകം പേജ് 40ൽ നൽകിയിരിക്കുന്ന ചിത്രം നിരീക്ഷിക്കാനുള്ള അവസരം. കുട്ടികൾ ഏർപ്പെട്ടിരിക്കുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തി അവതരിപ്പിക്കുന്നു. കുട്ടികൾ ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് സമ്മാനം ലഭിക്കുന്നു. വീട്ടിലെ മുതിർന്നവർ ചെയ്യുന്ന ജോലിക്ക് പ്രതിഫലം ലഭിക്കുന്നു എന്ന് ചർച്ച ചെയ്തുകൊണ്ട് വരുമാനം എന്ന ഭാഗത്തേയ്ക്ക് പ്രവേശിക്കാം.

## വരുമാനം

പാഠപുസ്തകം പേജ് 41 ലെ ചിത്രങ്ങൾ ഓരോന്നും നിരീക്ഷിക്കാൻ കുട്ടികളോട് ആവശ്യപ്പെടുന്നു.

ഓരോരുത്തരും ഏതൊക്കെ പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിരിക്കുന്നത്? പട്ടികപൂർത്തിയാക്കുന്നു

- അധ്യാപനം
- കച്ചവടം
- ആതുരസേവനം
- ചിത്രം വരയ്ക്കൽ
- വോളിബോൾ
- കാരംസ്

കുട്ടികൾക്ക് സമ്മാനമോ പ്രതിഫലമോ ലഭിച്ച അനുഭവങ്ങൾ പങ്കുവയ്ക്കാൻ അവസരങ്ങൾ ഒരുക്കുമല്ലോ

ചിത്രത്തിൽ നിന്ന് കണ്ടെത്തിയ ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് പ്രതിഫലമായി പണം ലഭിക്കുന്നത്? ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് സമ്മാനം ലഭിക്കുന്നത്? കുട്ടികളുടെ സ്വതന്ത്ര പ്രതികരണം.

പണം പ്രതിഫലമായി ലഭിക്കുന്ന മറ്റു പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തൽ. ഒരു സർവേയിലൂടെ കണ്ടെത്താം.

സർവേ ഫോർമാറ്റ്

| നമ്പർ | വ്യക്തിയുടെ പേര് | തൊഴിൽ | ലഭിക്കുന്ന വരുമാനം | |
|---|---|---|---|---|
| | | | കൂലി | ശമ്പളം |
| | | | | |
| | | | | |

## തൊഴിൽ

പാഠപുസ്തകത്തിലെ പേജ് 42ൽ നൽകിയിരിക്കുന്ന എൻ. വി. കൃഷ്ണവാര്യർ എഴുതിയ "പഠിപ്പ് തീർന്നാൽ" എന്ന കവിത ക്ലാസിൽ താളത്തിൽ ടീച്ചർ പാടി അവതരിപ്പിക്കുന്നു. തുടർന്ന് ക്ലാസിലെ മുഴുവൻ കുട്ടികളെയും അഞ്ചുകുട്ടികൾ വീതം ഉൾപ്പെടുന്ന ഗ്രൂപ്പ് ആക്കി മാറ്റി സ്കിറ്റ് രൂപത്തിൽ കവിത ക്ലാസിൽ അവതരിപ്പിക്കാവുന്നതാണ്. വിവിധ തൊഴിലുകൾ പരിചയപ്പെടാൻ ഈ പ്രവർത്തനത്തിലൂടെ കുട്ടികൾക്ക് കഴിയുന്നു.

തുടർന്ന് പേജ് 42ൽ കവിതയെ ആസ്പദമാക്കി നൽകിയിരിക്കുന്ന പ്രവർത്തനം വ്യക്തിഗതമായി പൂർത്തിയാക്കുന്നു. ഇവിടെ നാം പരിചയപ്പെട്ട വിവധതൊഴിലുകളിൽ നിന്നും വരുമാനം ലഭിക്കുന്നു.

**ക്രോഡീകരണം**

വരുമാനം ലഭിക്കുന്ന സാമ്പത്തിക പ്രവർത്തനങ്ങളിൽ ഒന്നാണ് തൊഴിൽ. തൊഴിലിൽ നിന്നുള്ള വരുമാനം കൂലിയായോ ശമ്പളമായോ ലഭിക്കാം.

ഓരോ കുട്ടിയും ഭാവിയിൽ തിരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്ന തൊഴിൽ ഏതാണെന്ന് പറയാൻ അവസരം നൽകണം.

എന്തുകൊണ്ടാണ് ആ തൊഴിൽ ചെയ്യാൻ ആഗ്രഹിക്കുന്നത്? ഓരോരുത്തരും വ്യത്യസ്ത തൊഴിലുകളാണ് ഭാവിയിൽ തിരഞ്ഞെടുക്കാൻ ഇഷ്ടപ്പെടുന്നതെന്ന ധാരണയിൽ എത്തുന്നു. കൂടാതെ ഓരോ തൊഴിലിനും അതിൻേറതായ മഹത്വമുണ്ട് എന്ന് തിരിച്ചറിയുന്നു.

- കായികമായ തൊഴിൽ മാത്രമാണോ മനുഷ്യർ ചെയ്യുന്നത്?
- കായികമായ തൊഴിൽ കൂടാതെ മറ്റേതെല്ലാം തൊഴിലുകളാണുള്ളത്?
- കായിക തൊഴിലുകളും മറ്റ് തൊഴിലുകളും തമ്മിലുള്ള വ്യത്യാസമെന്ത്?

ചർച്ച ചെയ്ത് ക്രോഡീകരണം നടത്തുന്നു.


പാഠപുസ്തകം പേജ് 43ൽ നൽകിയിരിക്കുന്ന കുടുംബാംഗങ്ങളുടെ തൊഴിലുകൾ വ്യക്തിഗതമായി പട്ടികപ്പെടുത്തട്ടെ.

ജനങ്ങൾ കായികമായോ ബൗദ്ധികമായോ ഏർപ്പെട്ടിരിക്കുന്ന വിവിധ തൊഴിലുകൾ കുട്ടികളെ പരിചയപ്പെടുത്തുമല്ലോ. (ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുത്താം).

## വരുമാനശ്രോതസ്സുകൾ

- വരുമാനം ലഭിക്കുന്നതിനുള്ള മാർഗം തൊഴിൽ മാത്രമാണോ?
- മറ്റെന്തെല്ലാം മാർഗങ്ങളിലൂടെ വരുമാനം ലഭിക്കും? വ്യക്തിഗതമായി ലിസ്റ്റ് ചെയ്യട്ടെ.
- വരുമാനം ലഭിക്കുന്ന അധ്വാനമോ വസ്തുവകകളോ ആണ് വരുമാനസ്രോതസ്സുകൾ എന്ന ധാരണ ഉറപ്പിക്കുമല്ലോ.
- പാഠപുസ്തകം പേജ് നമ്പർ 44ലെ പദസൂര്യൻ പൂർത്തിയാക്കട്ടെ.

- വിവിധ വരുമാന സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന വരുമാനം ഏതൊക്കെ എന്ന് പട്ടിക വിശകലനം ചെയ്ത് കണ്ടെത്തി ഡയഗ്രം പൂർത്തിയാക്കാം.




വ്യക്തിഗത വരുമാനവും കുടുംബവരുമാനവും

- എന്താണ് വ്യക്തിഗതവരുമാനം?
- എന്താണ് കുടുംബവരുമാനം?

പാഠപുസ്തകം പേജ് 45 ലെ വ്യക്തിഗത വരുമാനവും കുടുംബവരുമാനവും എന്ന ഭാഗം വായിച്ച് ഗ്രൂപ്പടിസ്ഥാനത്തിൽ കുറിപ്പ് തയ്യാറാക്കുന്നു

**തൊഴിലുകൾ വിവിധതരം**

- ഐസിടി സാധ്യത ഉപയോഗിച്ച് വിവിധ തൊഴിലുകൾ, തൊഴിലിടങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു.

പാഠപുസ്തകത്തിലെ പേജ് 45ലെ ചിത്രങ്ങൾ തിരിച്ചറിഞ്ഞ് നൽകിയിരിക്കുന്ന പ്രവർത്തനം പൂർത്തിയാക്കുന്നു.

- ആതുരസേവനം
- കന്നുകാലി വളർത്തൽ
- അഭിഭാഷകവൃത്തി
- ഡ്രൈവർ
- കൃഷി

- അധ്യാപനം

ചിത്രത്തിൽ കാണുന്നവ കൂടാതെ നമുക്ക് ചുറ്റും കാണപ്പെടുന്ന മറ്റ് തൊഴിലുകൾ ഏതെല്ലാം?

ലിസ്റ്റിൽ കൂട്ടി ചേർക്കട്ടെ

ഈ തൊഴിലുകളിൽ ചിലത് കാർഷിക തൊഴിലുകളും മറ്റുള്ളത് കാർഷികേതര തൊഴിലുകളുമാണ്

ഇവയെക്കുറിച്ച് ധാരണനേടുന്നതിനായി പാഠപുസ്തകം പേജ് 46- വായിക്കാൻ നിർദേശിക്കാം.

തുടർന്ന് കുട്ടികൾ ലിസ്റ്റ് ചെയ്ത തൊഴിലുകളെ കാർഷിക തൊഴിലുകൾ, കാർഷികേതര തൊഴിലുകൾ എന്നിങ്ങനെ വർഗീകരിക്കട്ടെ.

വിവിധതരം തൊഴിലുകളുടെ ചിത്രങ്ങൾ ശേഖരിച്ച് ഗ്രൂപ്പടിസ്ഥാനത്തിൽ ചുമർപത്രിക തയ്യാറാക്കി ക്ലാസിൽ പ്രദർശിപ്പിക്കട്ടെ.

**സ്വയംതൊഴിൽ**

ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുത്തി സ്വയംതൊഴിൽ സംരംഭത്തിലൂടെ വിജയിച്ചവരെ അവതരിപ്പിച്ചുകൊണ്ട് ടീച്ചർക്ക് പാഠഭാഗത്തേക്ക് പ്രവേശിക്കാം.

കുട്ടികൾ വിവിധ സ്വയം തൊഴിൽ സംരംഭങ്ങൾ പട്ടികപ്പെടുത്തുന്നു. തുടർന്ന് പാഠപുസ്തകം പേജ് 47 വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ കണ്ടെത്തി പാഠഭാഗം ക്രോഡീകരിക്കുന്നു.

- സ്വയംതൊഴിലിൽ ആരുടെയെങ്കിലും നിയന്ത്രണം ഉണ്ടാകാറുണ്ടോ?
- സ്വയംതൊഴിൽ സംരംഭങ്ങളിൽ ലാഭം ലഭിക്കുന്നത് ആർക്കാണ്?
- ഒന്നിൽ കൂടുതൽ വ്യക്തികൾ ചേർന്ന് സ്വയംതൊഴിൽ സംരംഭങ്ങൾ നടത്താറുണ്ടോ?

സർക്കാർ നടപ്പിലാക്കിവരുന്ന ഏതെങ്കിലുമൊരു സ്വയംതൊഴിൽ പദ്ധതിയുടെ പ്രൊമോ വീഡിയോ/ബ്രോഷർ പ്രദർശിപ്പിച്ച് പദ്ധതികളെകുറിച്ച് ചർച്ചചെയ്യുന്നു പട്ടിക പൂർത്തിയാക്കുന്നു.

| സ്വയംതൊഴിൽ പദ്ധതികൾ | ഗുണഭോക്താക്കൾ |
|---|---|
| നവജീവൻ പദ്ധതി | മുതിർന്ന പൗരർ |
| കൈവല്യ | ഭിന്നശേഷിക്കാർ |
| ശരണ്യ | വനിതകൾ |
| ജീവനം | കുറ്റകൃത്യങ്ങൾക്ക് ഇരയായി മരണപ്പെടുന്നവരുടെ ആശ്രിതർ |

സ്വയംതൊഴിൽ സംരംഭത്തിലൂടെ വിജയം നേടിയ ചില വ്യക്തികളുടെ വിജയത്തിന്റെ മാതൃകകൾ വ്യക്തിഗതമായി വായിക്കാൻ അവസരം. തുടർന്ന് മറ്റു ചില സമാനമായ സംരംഭ മാതൃകകൾ കൂടി ടീച്ചർക്ക് പരിചയപ്പെടുത്താവുന്നതാണ്.

## ജീവനം

അതിക്രമത്തിന് ഇരയായി ഗുരുതരമായി പരിക്കേറ്റവർ, കുറ്റകൃത്യത്തിന് ഇരയായി കൊല്ലപ്പെട്ടവരുടെ ആശ്രിതരായ ഭാര്യ/ഭർത്താവ്/അവിവാഹിതരായ മകൻ/മകൾ എന്നിവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണിത്.

## ശരണ്യ

സ്ത്രീകൾക്കായി മാത്രം നടപ്പിലാക്കിവരുന്ന സാമൂഹ്യ സുരക്ഷാ പദ്ധതി. വിവാഹമോചനം നേടിയ വനിതകൾ, പട്ടികവർഗ വിഭാഗത്തിലെ അവിവാഹിതരായ അമ്മമാർ, തൊഴിൽരഹിതരായ വിധവകൾ, ഭിന്നശേഷിക്കാർ, കിടപ്പിലായ രോഗികളുടെ ഭാര്യമാർ എന്നിവർക്കാണ് ഈ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നത്.

## കൈവല്യ

ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ പുനരധിവാസ പരിപാടിയാണ് കൈവല്യ. 2016 ലാണ് ഈ പദ്ധതി ആരംഭിച്ചത്. 21 വയസ്സിനും 55 വയസ്സിനും ഇടയിൽ പ്രായമുള്ള ഗുണഭോക്താക്കൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്കായി പലിശരഹിത വായ്പ ഈ പദ്ധതിയിലൂടെ നൽകിവരുന്നു.

## നവജീവൻ പദ്ധതി

മുതിർന്ന പൗരർക്കുള്ള സ്വയംതൊഴിൽ പദ്ധതിയാണിത്. 50 വയസ്സിനും 65 വയസ്സിനും മധ്യേയുള്ള മുതിർന്ന പൗരർ ആണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

ഒരു രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിന് തൊഴിൽ നിർണായകമായ ഒരു ഘടകമാണ്. നാം നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന ഓരോ ഉൽപ്പന്നത്തിനും പല തൊഴിലുകളുമായി ബന്ധമുണ്ട്. അതുപോലെ ഓരോ ഉൽപ്പന്നത്തിന് പുറകിലും ഒരു കൂട്ടം തൊഴിൽ കൂട്ടായ്മകളും ഉണ്ട് എന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. കൂടാതെ ഒരു രാജ്യത്തിന്റെ വിഭവങ്ങളുടെ വിനിയോഗത്തിനും വിനിമയത്തിനും തൊഴിലുകൾ കൂടിയേ തീരൂ.

## ടീച്ചറിന്റെ സ്വയംവിലയിരുത്തൽ

| നമ്പർ | സൂചകങ്ങൾ | അതെ | അല്ല |
|---|---|---|---|
| 1 | സമൂഹത്തിൽ നിലനിൽക്കുന്ന വിവിധതരം തൊഴിലുകൾ കുട്ടികൾ തിരിച്ചറിഞ്ഞിട്ടുണ്ട് | | |
| 2 | ഓരോ തൊഴിലിന്റെയും പ്രാധാന്യം തിരിച്ചറിയാൻ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്. | | |
| 3 | ഓരോ തൊഴിലിനും അതിന്റേതായ മൂല്യം ഉണ്ട് എന്ന് കുട്ടികൾ തിരിച്ചറിഞ്ഞിട്ടുണ്ട് | | |
| 4 | സ്വയംതൊഴിൽ സാധ്യതകൾ തിരിച്ചറിയാൻ അവസരം ഒരുക്കിയിട്ടുണ്ട് | | |